Uncorrected/Not for publication
30-09-2025

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ (*151)

**മദ്യപാനംമൂലമുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് അവബോധം നൽകാൻ പദ്ധതി**

1 (*151) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്തും 2016-2021 കാലയളവിലുണ്ടായിട്ടുള്ള മദ്യത്തിന്റെ ഉപഭോഗം സംബന്ധിച്ച വിശദാംശം 2011-2016 വരെയുള്ള കാലയളവുമായി താരതമ്യം ചെയ്ത് ലഭ്യമാക്കാമോ;

(സി) മദ്യപാനശീലം നിരുത്സാഹപ്പെടുത്തുന്നതിനും മദ്യപാനംമൂലം ഉണ്ടാകാനിടയുള്ള ആരോഗ്യപരവും സാമൂഹികപരവുമായ പ്രശ്നങ്ങൾ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി എന്തെല്ലാം

പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികളിൽ വിദ്യാർഥികളെയും യുവജനങ്ങളെയും ഉൾപ്പെടുത്തി പ്രചാരണം കൂടുതൽ ശക്തമാക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, (എ) നടത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്തും മുമ്പുള്ള രണ്ട് സർക്കാരുകളുടെ കാലത്തുമുണ്ടായിട്ടുള്ള ഇന്ത്യൻ നിർമ്മിത വിദേശമദ്യ വിൽപനയുടെ കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | വിൽപന നടത്തിയ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ അളവ് (കെയ്സുകൾ ലക്ഷത്തിൽ) |
|---|---|
| 2011-12 | 241.78 |
| 2012-13 | 244.33 |
| 2013-14 | 240.67 |
| 2014-15 | 220.58 |
| 2015-16 | 201.75 |
| 2016-17 | 205.41 |
| 2017-18 | 208.51 |
| 2018-19 | 216.34 |

| | |
|---|---|
| 2019-20 | 218.84 |
| 2020-21 | 187.5 |
| 2021-22 | 181.03 |
| 2022-23 | 224.34 |
| 2023-24 | 221.70 |
| 2024-25 | 228.60 |

അതിൽനിന്ന് വ്യക്തമായൊരു കാര്യം ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപനയുടെ അളവ് 2011-12-ൽ 241.78 ലക്ഷം കെയ്സുകളായിരുന്നു. ഈ സർക്കാരിന്റെ കാലത്ത് 2024-25-ൽ അത് 228.60 ലക്ഷം കെയ്സുകളാണ്. 241.78-ൽനിന്ന് 228.60 ലക്ഷം കെയ്സുകളായി കുറയുകയാണ് ചെയ്തത്. 2023-24-ൽ 221 ലക്ഷം കെയ്സുകളാണ്. 2022-23-ൽ 224 ലക്ഷം കെയ്സുകളാണ്. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ തുടർച്ചയായി കുറയുന്നതായാണ് കാണുന്നത്.

(സി) മദ്യത്തിനും മയക്കുമരുന്നുപയോഗത്തിനുമെതിരെ ബോധവൽക്കരണം നടത്തുന്നതിനായി എക്സൈസ് വകുപ്പിൽ 2016 ഒക്ടോബറിൽ വിമുക്തി മിഷൻ (കേരള സംസ്ഥാന ലഹരിവർജന മിഷൻ) രൂപീകരിച്ചിരുന്നു. വിമുക്തി മിഷന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസം,

ആരോഗ്യം, തദ്ദേശസ്വയംഭരണം, സാമൂഹ്യനീതി, വനിതാ-ശിശു വികസനം, പൊലീസ്, കായികം, സാംസ്കാരികം തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുടെയും എൻ.എസ്.എസ്., എസ്.പി.സി., എൻ.സി.സി., സ്കൗട്ട്സ് & ഗൈഡ്സ്, ലഹരി വിരുദ്ധ ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ, കലാകായിക ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെയും ഏകോപനത്തോടെയും ലഹരിക്കെതിരെ വിവിധങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് സംഘടിപ്പിച്ചുവരുന്നു.

വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് ബോധവൽക്കരണം, കൗൺസിലിങ്, ലഹരിമുക്ത ചികിത്സ എന്നിവയിലാണ്. ലഹരിയുടെ ദുരുപയോഗം, ദൂഷ്യഫലങ്ങൾ, ലഹരി വസ്തുക്കളുടെ കടന്നുവരവിനെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ, ലഹരിയിൽനിന്നും ഒഴിഞ്ഞുമാറി നിൽക്കുന്നതിനുള്ള മാർഗങ്ങൾ, ലഹരി വസ്തുക്കൾക്കെതിരെയുള്ള പ്രതിരോധം എന്നിവയാണ് പ്രധാനമായും ബോധവൽക്കരണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നാളിതുവരെ ലഹരി ഉപയോഗിച്ചിട്ടില്ലാത്തവർ യാതൊരു വിധത്തിലും ലഹരിയുടെ

മാർഗത്തിലേയ്ക്ക് പോകരുതെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് വിമുക്തി മിഷൻ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. വിമുക്തി മിഷനുകീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ കൗൺസിലിങ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ലഹരി മുക്ത ചികിത്സ നൽകുന്നതിനായി വിമുക്തി മിഷൻ ആരോഗ്യ വകുപ്പുമായി സഹകരിച്ച് 14 ജില്ലകളിലും ഓരോ ഡി-അഡിക്ഷൻ സെന്ററുകൾ വീതം പ്രവർത്തിപ്പിക്കുന്നുണ്ട്.

(ഡി) സ്കൂൾ വിദ്യാർഥികൾക്കിടയിലുൾപ്പെടെ കടന്നുകയറിയ ലഹരി വ്യാപനത്തെ പ്രതിരോധിക്കുന്നതിനായി വിമുക്തി മിഷന്റെ നേതൃത്വത്തിൽ ക്രിയാത്മകമായ രീതിയിലുള്ള ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ പ്രധാനമായും വിദ്യാർഥികളെയും യുവജനങ്ങളെയും കേന്ദ്രീകരിച്ചാണ് നടത്തുന്നത്. പഠനം കഴിഞ്ഞുള്ള സമയം കുട്ടികളുടെ കർമ്മശേഷിയെ ക്രിയാത്മകമായി വിനിയോഗിക്കുന്നതിനും അവരിലെ കലാപരവും കായികപരവുമായ കഴിവിനെ പ്രോത്സാഹിപ്പിച്ച് അതിലൂടെ ലഹരിക്കെതിരായ പ്രവർത്തനങ്ങൾക്ക് പ്രാപ്തരാക്കുന്നതിനും വിവിധങ്ങളായ

പദ്ധതികൾ വിമുക്തി മിഷന്റെ ഭാഗമായി സംഘടിപ്പിച്ചുവരുന്നു. ചെറിയ പ്രായം മുതൽതന്നെ കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും ജീവിത നൈപുണികൾ സ്വായത്തമാക്കുന്നതിനും കുട്ടികളെ സഹായിക്കുന്നതിനായി പ്രൈമറി തലത്തിലെ കുട്ടികളുടെ രക്ഷിതാക്കളെയും അധ്യാപകരെയും ഉൾപ്പെടുത്തി "ബാല്യം അമൂല്യം" എന്ന ഒരു പദ്ധതി നടപ്പിലാക്കുന്നു. നിലവിൽ 140 സ്കൂളുകളിൽ ആരംഭിച്ച ഈ പദ്ധതി മറ്റ് സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിദ്യാർഥികളുടെ ശ്രദ്ധ മറ്റ് പ്രചോദനങ്ങളിലേയ്ക്ക് പോകാതെ അവരുടെ കായികപരമായും കലാപരമായുമുള്ള കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് 'ഉണർവ്' എന്ന പദ്ധതി നടപ്പിലാക്കുന്നു. വിദ്യാലയങ്ങളിൽ കളിയിടങ്ങളൊരുക്കുക, കായിക ഉപകരണങ്ങൾ നൽകുക എന്നിവ ലക്ഷ്യമിടുന്ന ടി പദ്ധതി 29 സ്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ട്. ലഹരിവിരുദ്ധ ക്ലബ്ബുകളിലെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും കുട്ടികളുടെ കായിക മത്സരയിനങ്ങളിലുള്ള താൽപര്യം വർധിപ്പിക്കുന്നതിനുമായി സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ " ടീം വിമുക്തി" എന്ന പേരിൽ വിവിധ കായിക ഇനങ്ങളിലായി സ്പോർട്സ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ 1000

സ്കൂളുകളിൽ ടീം രൂപീകരിച്ചിട്ടുണ്ട്. കുട്ടികളിലെ ലഹരി ഉപഭോഗം കണ്ടെത്തി പരിഹരിക്കുന്നതിന് ഒരു Standard Operating Procedure (SOP) തയ്യാറാക്കി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പാക്കിവരുന്നു.

ലഹരി വിരുദ്ധ പോരാട്ടത്തിന് എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണം ആവശ്യമാണെന്ന് തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനം ലഹരി വിമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ സർക്കാർ വകുപ്പുകളുടേയും വിവിധ യുവജന-സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ-സന്നദ്ധ സംഘടനകൾ ഉൾപ്പെടെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും സഹകരണത്തോടെ 2025 ജൂൺ 26 മുതൽ 2026 ജനവരി 26 വരെ നീണ്ടുനിൽക്കുന്ന ലഹരി വിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിച്ചുവരുന്നുണ്ട്.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, മദ്യത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിന് വിമുക്തി മിഷന്റെ പ്രവർത്തനം എത്രമാത്രം ഫലപ്രദമായിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ലഹരിവർജനം പ്രോത്സാഹിപ്പിക്കുകയെന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിലാണ്

പൊതുവിൽ വിമുക്തി മിഷൻ പ്രവർത്തിച്ചുവരുന്നത്. 2016 മുതലുള്ള സർക്കാരിന്റെ നയം മദ്യവർജനത്തിലൂന്നിയുള്ളതാണ്. മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിനായി ഘട്ടംഘട്ടമായ പ്രവർത്തനങ്ങൾ അവലംബിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനം വിമുക്തി മിഷന്റെ നേതൃത്വത്തിൽ നടന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ തന്നെയാണ്. മദ്യത്തിന്റെ ഉപഭോഗം സംബന്ധിച്ച് ഈ രണ്ട് സർക്കാരുകളുടെയും മുമ്പുള്ള രണ്ട് സർക്കാരുകളുടെയും കാലത്തെ കണക്കുകളാണ് ഇവിടെ ചോദ്യമായി ഉന്നയിച്ചിട്ടുള്ളത്. ഇതിൽ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ ഏറ്റവും കൂടുതൽ വിൽപന നടന്നത് 2012-13-ലാണെന്ന് ഞാനിവിടെ പറഞ്ഞു. 2016-ലാണ് വിമുക്തി മിഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. 2016-നുശേഷം മദ്യ ഉപഭോഗത്തിൽ വന്നിട്ടുള്ള കുറവ് കാണിക്കുന്നത് വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ ഫലപ്രദമാണെന്നും അത് ലക്ഷ്യം കാണുന്നുണ്ടെന്നുമാണ്. ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ കണക്കുകളാണ് നേരത്തെ പറഞ്ഞത്. ഇന്ത്യൻ നിർമ്മിത വിദേശമദ്യവും ബിയറും ചേർത്ത് ആകെ മദ്യ വിൽപനയുടെ കണക്ക് പരിശോധിച്ചാൽ 2011-12-ൽ 339.6 ലക്ഷം കെയ്സുകളാണ്, 2024-25-ൽ അത് 330.27

ലക്ഷം കെയ്സുകളാണ്. മാത്രമല്ല, കഴിഞ്ഞ പതിനഞ്ച് വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ (2011-12 മുതൽ 2024-25 വരെയുള്ള) ഇന്ത്യൻ നിർമ്മിത വിദേശമദ്യവും ബിയറും ചേർത്ത് ഏറ്റവും കൂടുതൽ മദ്യ വിൽപന നടന്നത് 2015-16-ലാണ്, 355.95 ലക്ഷം കെയ്സുകൾ. അതാണ് 330.27 ലക്ഷം കെയ്സുകളായി കുറഞ്ഞിരിക്കുന്നത്. അതായത്, 25.73 ലക്ഷം കെയ്സിന്റെ കുറവാണ് മദ്യത്തിന് ഏറ്റവും കൂടുതൽ വിൽപനയുണ്ടായ 2015-16 വർഷവും ഈ തൊട്ടുമുമ്പത്തെ വർഷവും തമ്മിലുള്ള വ്യത്യാസമായി കാണാൻ സാധിക്കുന്നത്. വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ ഇതിൽ പ്രധാനപ്പെട്ട പങ്ക് വഹിച്ചിട്ടുണ്ടെന്ന് തന്നെയാണ് സർക്കാർ കാണുന്നത്. വിപുലമായ പ്രവർത്തനങ്ങളാണ് വിമുക്തി മിഷൻ മദ്യ ഉപഭോഗത്തിനും പൊതുവിലുള്ള ലഹരി ഉപഭോഗത്തിനുമെതിരായി സംഘടിപ്പിച്ചിട്ടുള്ളത്. 14 ജില്ലകളിലും വിമുക്തി മിഷന്റെ നേതൃത്വത്തിലുള്ള ഡി-അഡിഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത ഡി-അഡിഷൻ സെന്ററുകൾ മുഖേന 2025 ആഗസ്റ്റ് വരെ 152320 പേർക്ക് ഒ.പി.-യിലും 12114 പേർക്ക് ഐ.പി.-ലും ചികിത്സ നൽകിയിട്ടുണ്ട്. വിമുക്തി മിഷനുകീഴിൽ സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്

എന്നീ മൂന്ന് ജില്ലകളിലായി മൂന്ന് മേഖല കൗൺസിലിങ് കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. 2025 ആഗസ്റ്റ് വരെ 25010 പേർക്ക് ഈ മേഖല കൗൺസിലിങ് കേന്ദ്രങ്ങളിലൂടെ കൗൺസിലിങ് നൽകിയിട്ടുണ്ട്. നെയ്യാറ്റിൻകരയിലും കോഴിക്കോട് ബീച്ച് ആശുപത്രിയിലും സ്ത്രീകൾക്കും കുട്ടികൾക്കും മാത്രം ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. എറണാകുളം ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്ന് ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ സ്കൂളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് ഒട്ടേറെ പ്രവർത്തനങ്ങൾ വിമുക്തി മിഷൻ നടത്തുന്നുണ്ട്. വളരെ വിപുലമായ പ്രവർത്തനങ്ങളായതിനാൽ എല്ലാ കാര്യങ്ങളും വിശദമായി പറയുന്നില്ല.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരെ സാധാരണ ജീവിതത്തിലേയ്ക്ക് കൊണ്ടുവരുന്നതിന് ഡി- അഡിക്ഷൻ സെന്ററിനുപുറമേ മറ്റേതെങ്കിലും തരത്തിൽ മാതൃകാപരമായ

ഇടപെടൽ നടത്താൻ വകുപ്പ് തയ്യാറായിട്ടുണ്ടോ; അത്തരം കാര്യങ്ങളെപ്പറ്റി വിശദമാക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, മദ്യത്തിനും മയക്കുമരുന്നിനും അടിമകളായവരെ മോചിപ്പിക്കാൻ വേണ്ടിയാണ് ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത്. എന്നാൽ അത്തരം പ്രവർത്തനങ്ങൾ മാത്രമല്ല, വിമുക്തി മിഷനും എക്സൈസ് വകുപ്പും നടത്തിവരുന്ന പ്രവർത്തനങ്ങൾ. മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും സ്വാധീനത്തിൽ അകപ്പെടാതിരിക്കാൻ യുവജനങ്ങളെയും കുട്ടികളെയും കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം അവരുടെ ഊർജം മറ്റ് ക്രിയാത്മകമായ മേഖലകളിലേയ്ക്ക് വഴിതിരിച്ചുവിടാനുള്ള പ്രവർത്തനങ്ങൾകൂടി നടത്തുന്നുണ്ട്. ലഹരിക്കെതിരായ പ്രത്യൗഷധം എന്ന നിലയിൽ സ്പോർട്സ് ഉപയോഗിക്കുകയെന്നത് ലോകത്താകെ സുപരീക്ഷിതമായി തെളിയിക്കപ്പെട്ടതാണ്. അതുകൂടി കണക്കിലെടുത്തുകൊണ്ട് 'ടീം വിമുക്തി' എന്ന പേരിൽ സ്കൂളുകളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ സ്പോർട്സ് ടീമുകൾ രൂപീകരിച്ചുവരികയാണ്. അയ്യായിരത്തോളം ലഹരി വിരുദ്ധ ക്ലബ്ബുകളുണ്ട്.

2022-23, 2023-24 എന്നീ വർഷങ്ങളിലായി ആയിരം സ്പോർട്സ് ടീമുകൾ സ്കൂളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചു. ഈ വർഷം 500 സ്കൂളുകളിൽക്കൂടി ലഹരി വിരുദ്ധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ 'ടീം വിമുക്തി' എന്ന സ്പോർട്സ് ടീം രൂപീകരിക്കും. അതിനുവേണ്ടി 60 ലക്ഷം രൂപയാണ് വകുപ്പ് വകയിരുത്തിയിട്ടുള്ളത്. ഈ ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ട് സ്പോർട്സ് മീറ്റ് ജില്ലാതലത്തിലും എക്സൈസ് സർക്കിൾ തലത്തിലും സംഘടിപ്പിക്കാറുണ്ട്. 'The Challenge Accepted' എന്ന പേരിലാണ് എല്ലാവർഷവും സ്പോർട്സ് മീറ്റ് നടത്തുന്നത്. ഈ വർഷം 220 മത്സരങ്ങൾ പൂർത്തിയാക്കിക്കഴിഞ്ഞു. വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നുണ്ട്. അതുപോലെ ചെസ് മത്സരം, സംവാദ മത്സരം, ചിത്രരചനാ മത്സരം, ഹ്രസ്വചിത്ര നിർമ്മാണ മത്സരം എന്നിവയൊക്കെ ടീം വിമുക്തി മിഷന്റെ ഭാഗമായി ലഹരി വിരുദ്ധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്. ഓരോ സ്കൂളുകളിലെയും ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദേശങ്ങളും സഹായവും ഏകോപനവും എക്സൈസ് ഉദ്യോഗസ്ഥർ നൽകിവരുന്നുണ്ട്. 'കരുതൽ', 'കവചം' എന്നീ പേരുകളിൽ ഇതിനുവേണ്ടി രണ്ട് കൈപുസ്തകങ്ങൾ എക്സൈസ് വകുപ്പ്

തയ്യാറാക്കിയിട്ടുണ്ട്. അതിനേക്കാൾ പ്രധാനപ്പെട്ട മറ്റൊരു കാര്യമെന്ന് പറയുന്നത്, ഈ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുൾപ്പെടെ എക്സൈസ് ഉദ്യോഗസ്ഥരെ സജ്ജരാക്കുന്നതിനുവേണ്ടി ഇന്ത്യയിലെ ഏറ്റവും പ്രശസ്ത സ്ഥാപനമായ ബാംഗ്ലൂർ 'നിംഹാൻസ്' -ന്റെ നേതൃത്വത്തിൽ 142 എക്സൈസ് ഉദ്യോഗസ്ഥർക്ക് എക്സൈസ് അക്കാദമിയിൽവച്ച് പരിശീലനം നൽകിയിട്ടുള്ളതാണ്. മാത്രമല്ല കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതിന് ഇവരെ നിയോഗിച്ചിട്ടുണ്ട്. ഈ വർഷം 360 എക്സൈസ് ഉദ്യോഗസ്ഥർക്കാണ് ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം നൽകുന്നത്. മറ്റ് വിദഗ്ധരുടെ സേവനവും ഇക്കാര്യങ്ങളിൽ വകുപ്പ് സ്വീകരിക്കുന്നുണ്ട്.

ശ്രീ. കെ. വി. സുമേഷ്: സർ, ഗവൺമെന്റിന്റെയും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ സംസ്ഥാനത്ത് ആന്റി ഡ്രഗ്സ് ക്യാമ്പയിൻ വർക്കുകൾ മികച്ച രീതിയിൽ നടക്കുകയാണ്. പല വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പരിസരങ്ങളിലും വിദ്യാർഥികളെ കേന്ദ്രീകരിച്ചുകൊണ്ടും സിന്തറ്റിക് ഡ്രഗ്സിന്റെ വ്യാപാരം വ്യാപകമായി നടക്കുന്നുണ്ട്. അതിനാൽ ഇത്തരം ടീമുകളെ പിടികൂടാനാവശ്യമായ

സംവിധാനങ്ങൾ ഒരുക്കാൻ കഴിയുമോ; സിന്തറ്റിക് ഡ്രഗ്സ് ഉപയോഗത്തിൽ അകപ്പെടുന്ന കുട്ടികൾക്ക് കൗൺസിലിങ് കേന്ദ്രങ്ങൾ ആരംഭിക്കാൻ കഴിയുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, കൗൺസിലിങ് കേന്ദ്രങ്ങളുടെ കാര്യം ഞാനിവിടെ വിശദമായി പറഞ്ഞതിനാൽ അക്കാര്യം ആവർത്തിക്കുന്നില്ല. സ്കൂൾ കേന്ദ്രീകരിച്ച് ഇത്തരത്തിലുള്ള സംഘങ്ങൾ പ്രവർത്തിക്കുന്നതിനെകുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത്. വളരെ ഗൗരവത്തോടെയാണ് സർക്കാർ അതിനെ കാണുന്നത്. 2025 ജനുവരി മുതൽ ആഗസ്റ്റ് മാസംവരെ സ്കൂൾ പരിസരങ്ങളിൽ നടത്തിയ പരിശോധനകളുടെ എണ്ണം 30374 ആണ്. അതിന്റെ ഭാഗമായി 10 NDPS കേസുകളും 1511 COTPA കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്കൂൾ പരിസരത്ത് ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. 2022 ആഗസ്റ്റ് 2 മുതൽ മയക്കുമരുന്നിനെതിരായി ജനകീയ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനം/ക്യാമ്പയിൻതന്നെ നടന്നുവരികയാണ്. ആ ക്യാമ്പയിൻ നാല് ഘട്ടങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. 2025 ജൂൺ 26 മുതൽ 2026 ജനുവരി 26 റിപ്പബ്ലിക്

ദിനം വരെ നീണ്ടുനിൽക്കുന്ന ലഹരിവിരുദ്ധ ക്യാമ്പയിനിന്റെ ആക്ഷൻ പ്ലാൻ തയ്യാറാക്കി തുടർനടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ബോധവൽക്കരണം മാത്രമല്ല, ബോധവൽക്കരണത്തോടൊപ്പം ശക്തമായിട്ടുള്ള എൻഫോഴ്സ്മെന്റും എന്നതാണ് സർക്കാരിന്റെ സമീപനം. "Operation Clean Slate" എന്ന പേരിൽ എക്സൈസ് വകുപ്പ് ആരംഭിച്ചിട്ടുള്ള പദ്ധതിക്ക് മാധ്യമങ്ങളിൽനിന്നും പൊതുസമൂഹത്തിൽനിന്നും എല്ലാവിഭാഗം ആളുകളിൽനിന്നും വലിയ പിന്തുണയാണ് ലഭിച്ചിട്ടുള്ളത് എന്നുകൂടി ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്. "Operation Clean Slate"-ന്റെ ഒന്നാംഘട്ടത്തിൽ 6344 റെയ്ഡുകൾ നടത്തുകയും 962 പേരെ അറസ്റ്റ് ചെയ്യുകയും 527 എൻ.ഡി.പി.എസ് കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തു. ആകെ 1489 കേസുകളും 6344 റെയ്ഡുകളും ഓപ്പറേഷൻ ക്ലീൻ സ്ലേറ്റിന്റെ ഒന്നാം ഘട്ടത്തിൽ നടത്തി. ഓപ്പറേഷൻ ക്ലീൻ സ്ലേറ്റിന്റെ രണ്ടാംഘട്ടം ഏപ്രിൽ 21 മുതൽ മേയ് 16 വരെ നടത്തി. ഒന്നാംഘട്ട പ്രവർത്തനം വളരെ വിജയകരമായിരുന്നുവെന്ന് കണ്ടതിനെത്തുടർന്നാണ് രണ്ടാംഘട്ട പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചത്. രണ്ടാം ഘട്ടത്തിൽ റെയ്ഡുകളുടെ എണ്ണം 6344-ൽ നിന്ന് 10893 ആയി ഉയർന്നു. കൂടുതൽ

ശക്തമായിട്ടുള്ള റെയ്ഡുകൾ നടത്തി, അതുപോലെ പൊലീസുമായി ചേർന്ന് 398 സംയുക്ത റെയ്ഡുകൾ നടത്തി. രണ്ടാംഘട്ടത്തിൽ 140575 വാഹന പരിശോധനകൾ നടത്തിയിട്ടുണ്ട്. ഓപ്പറേഷൻ ക്ലീൻ സ്ലേറ്റിന്റെ രണ്ടാം ഘട്ടത്തിൽ 1489 അബ്കാരി കേസുകളും 996 എൻ.ഡി.പി.എസ്. കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. മയക്കുമരുന്ന് മാഫിയയെ ഉരുക്കുമുഷ്ടികൊണ്ട് അടിച്ചമർത്തുമെന്നാണ് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചത്. അങ്ങനെ ഉരുക്കുമുഷ്ടികൊണ്ട് അടിച്ചിമർത്തിയതിന്റെ കാഴ്ചകളാണ് കഴിഞ്ഞ മാസങ്ങളിലെല്ലാം പൊലീസ് വകുപ്പിന്റെ 'ഓപ്പറേഷൻ ഡീ-ഹണ്ട്' , എക്സൈസ് വകുപ്പിന്റെ 'ഓപ്പറേഷൻ ക്ലീൻ സ്ലേറ്റ്' എന്നീ രണ്ട് പ്രവർത്തനങ്ങളിലൂടെ കേരളം കണ്ടത്. കേരളത്തിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പംതന്നെ കേരളത്തിൽ നിന്ന് ഇത്തരം കേസുകളിൽ അറസ്റ്റ് ചെയ്തിട്ടുള്ള പ്രതികളിൽ നിന്ന് തെളിവ് ശേഖരിക്കുന്നതിനായി കേരളത്തിന് പുറത്തുള്ള പ്രഭവകേന്ദ്രത്തിലെത്താനും പൊലീസ്, എക്സൈസ് വകുപ്പുകൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് അഭിമാനത്തോടെ ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ആന്റണി ജോൺ: സർ, ലഹരിമുക്ത കേരളത്തിനായി വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങളെയെല്ലാം പ്രത്യേകമായി സ്വാഗതം ചെയ്യുകയാണ്. കേരളത്തിലെ ഫോറിൻ ലിക്വർ ഷോപ്പുകളുടെ എണ്ണം മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യാൻ കഴിയുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, എന്റെ കൈയിൽ ഇപ്പോൾ വിശദമായ കണക്കില്ല. കേരളത്തിൽ ഏകദേശം 309 ബെവ്കോ ഔട്ട്ലെറ്റുകളാണുള്ളത്. പക്ഷെ തമിഴ്നാട്ടിൽ അതിന്റെ പത്തിരട്ടിയും കർണ്ണാടകയിൽ അതിന്റെ പതിനഞ്ചിരട്ടിയെങ്കിലും ഉണ്ടെന്നതാണ് വസ്തുത. ഈ സംസ്ഥാനങ്ങളിലെല്ലാം വിൽപന പതിന്മടങ്ങെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. അയ്യായിരത്തിലധികമാണ് കർണ്ണാടകയിലെ ഔട്ട്ലെറ്റുകളുടെ എണ്ണം. തമിഴ്നാട്ടിലെ TASMAC-ലെ ഔട്ട്ലെറ്റുകളുടെ എണ്ണം മൂവായിരത്തിലധികമാണ്. കേരളത്തിലുള്ളതിന്റെ 10 ഇരട്ടിയാണ്.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, മയക്കുമരുന്നിന്റെ പ്രഭവകേന്ദ്രം കണ്ടുപിടിക്കാനും അതിന്റെ വിതരണ ശൃംഖല തകർക്കാനും

നടത്തികൊണ്ടിരിക്കുന്ന ശ്രമങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. മയക്കുമരുന്നിന്റെ ഉപയോഗം ഇല്ലാതാക്കുന്നതിന് വിമുക്തി പ്രസ്ഥാനം നടത്തികൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ അങ്ങ് ഇവിടെ വിശദീകരിച്ചു. അതിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുമോ; ടൂറിസവുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട ഹോട്ടലുകളിൽ ഇപ്പോൾ നിലനിൽക്കുന്ന സമയക്രമം, നിയന്ത്രണവിധേയമായിട്ടുള്ള മദ്യത്തിന്റെ ഉപയോഗം എന്നിവ സംബന്ധിച്ച് ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ് അസോസിയേഷനും കേരള ട്രാവൽ മാർട്ടുമെല്ലാം ചില പുതിയ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അവരുടെ ആവശ്യങ്ങൾ അനുഭാവപൂർവം പരിഗണിക്കാൻ സർക്കാർ സന്നദ്ധമാകുമോയെന്ന് വിശദമാക്കുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ കഴിഞ്ഞ രണ്ട് മദ്യനയങ്ങളിലായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ആ മദ്യനയമാണ് ഇപ്പോൾ നിലവിലുള്ളത്. അതനുസരിച്ചുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുക. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഇന്റർനാഷണൽ ഇവന്റുകൾ/കോൺഫറൻസസ് തുടങ്ങിയ MICE ടൂറിസത്തെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ നിയന്ത്രിതമായിട്ടുള്ള ചില

ഇളവുകൾ അനുവദിച്ചിട്ടുണ്ട്. ഇവന്റുകളുടെ ബുക്കിങ്ങിന്റെ അടിസ്ഥാനത്തിലും മറ്റും നിലവിൽ പ്രാബല്യത്തിലുള്ള മദ്യനയത്തിൽ പ്രഖ്യാപിച്ചിട്ടുള്ള കാര്യങ്ങളാണ് സർക്കാർ നടപ്പിലാക്കുന്നത്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ചാലക്കുടിയിലെ ആദിവാസി ഉന്നതികളിൽ മദ്യത്തിന്റെ വ്യാപനം വളരെ വ്യാപകമായതുകൊണ്ട് പല ക്രമസമാധാന പ്രശ്നങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. തൃശ്ശൂർ ജില്ലയിലെ ഏക ഡി-അഡിക്ഷൻ സെന്ററാണ് ചാലക്കുടി താലൂക്ക് ആശുപത്രിയിലെ വിമുക്തി സെന്റർ. അവിടെ ഡോക്ടർമാരുടെയും മറ്റു സൗകര്യങ്ങളുടെയും അഭാവമുണ്ട്. അവിടെ പലപ്പോഴും വേണ്ട രീതിയിലുള്ള സേവനങ്ങൾ ലഭ്യമാകാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് പുതിയൊരു കെട്ടിടം നിർമ്മിച്ച് വിമുക്തി സെന്റർ വിപുലീകരിച്ച് അതിനുവേണ്ട സൗകര്യങ്ങളും ജീവനക്കാരെയും നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട എം.എൽ.എ ചോദ്യരൂപേണ ഉന്നയിച്ചിട്ടുള്ള ആവശ്യം അവിടുത്തെ ഡി-അഡിക്ഷൻ സെന്ററിനെ ശക്തിപ്പെടുത്തണമെന്നും കൂടുതൽ ജീവനക്കാരെ

ലഭ്യമാക്കണമെന്നുമാണ്. അക്കാര്യം വളരെ അനുഭാവപൂർവ്വം പരിശോധിക്കുന്നതാണ്. പുതിയ കെട്ടിടത്തിന്റെ ആവശ്യം അദ്ദേഹം പറഞ്ഞു. ഇപ്പോൾ ചാലക്കുടിയിലാണ് ഡി-അഡിക്ഷൻ സെന്ററുള്ളത്. ഞാൻ അദ്ദേഹത്തെയും സഭയിലെ എല്ലാ അംഗങ്ങളെയും ഒരു കാര്യം അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഒരു കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ ഫണ്ടിൽനിന്നും തുക വിനിയോഗിക്കുന്നതിനുള്ള അവസരമുണ്ട് എന്ന കാര്യംകൂടി ഞാൻ അദ്ദേഹത്തെ ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, സർക്കാർതലത്തിൽ നടത്തുന്ന ഡി-അഡിക്ഷൻ സെന്റർ വളരെ ഫലപ്രദമായാണ് പ്രവർത്തിക്കുന്നത്. ബോധവൽക്കരണവും കൗൺസിലിങ്ങും ചികിത്സയുമൊക്കെ ഏറ്റവും ഫലപ്രദവും ശാസ്ത്രീയവുമായി നടത്തുന്ന നിരവധി സ്വകാര്യ സ്ഥാപനങ്ങൾ നാട്ടിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇത്തരം സ്വകാര്യ സ്ഥാപനങ്ങൾ നേരിടുന്ന ഒരു പ്രശ്നം എന്താണെന്നുവച്ചാൽ ഒരു സ്ഥാപനമെന്ന നിലയിലുള്ള ലൈസൻസ് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് അവർക്ക് ലഭിക്കുന്നില്ല എന്നതാണ്. കഴിഞ്ഞദിവസം ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അവർക്ക് ലൈസൻസ് കൊടുക്കുന്ന

കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി കൂടിയായ അങ്ങ് ഫലപ്രദമായി ഇടപെടുമോ; എന്താണ് അതിലെ തടസ്സം എന്നുകൂടി പരിശോധിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് കിട്ടുന്നതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അത് പരിശോധിക്കാം. പൊതുവായ പ്രശ്നമാണെങ്കിൽ ആ നിലയിൽത്തന്നെ പരിശോധിക്കാം. ഓരോരോ കേസുകൾ എന്ന നിലയ്ക്കാണെങ്കിൽ അങ്ങനെയും പരിശോധിക്കാം. ഒരു കാര്യം സഭയിൽ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സഭയിലുണ്ട്. ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഭാഗമായി ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങളെത്തുടർന്ന് ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്തയോഗത്തിന്റെ ഭാഗമായി ലൈസൻസ് ചട്ടങ്ങൾ ഉദാരമാക്കികൊണ്ടുള്ള വിജ്ഞാപനം ആദ്യം പുറപ്പെടുവിച്ചത് തദ്ദേശസ്വയംഭരണ വകുപ്പാണ് എന്നറിയിക്കുകയാണ്. പഞ്ചായത്ത് ലൈസൻസ് ചട്ടങ്ങളിൽ വിപ്ലവകരമായ മാറ്റം വരുത്തികൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചുകഴിഞ്ഞു. തൊട്ടുപിന്നാലെ മുനിസിപ്പാലിറ്റി ചട്ടങ്ങളും അതുപോലെ പരിഷ്കരിക്കുന്നതിനുള്ള ഉത്തരവ്, ഗസറ്റ് നോട്ടിഫിക്കേഷൻ ഏതാനും ആഴ്ചകൾക്കുള്ളിൽ തന്നെ വരും. അങ്ങ്

ഉന്നയിച്ച പ്രശ്നം പ്രത്യേകമായി പരിശോധിക്കേണ്ട ആവശ്യമുണ്ടെങ്കിൽ ഗൗരവമായി തന്നെ പരിശോധിക്കും നേരത്തെ ബഹുമാനപ്പെട്ട സനീഷ്കുമാർ ജോസഫ് ചോദ്യത്തിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ടാണ് ഞാൻ മറുപടി പറഞ്ഞത്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മദ്യഷാപ്പുകളുടെ എണ്ണം ഏറെ വർധിച്ചു. അതുപോലെ തന്നെ മദ്യപാനികളുടെ എണ്ണവും വർധിച്ചിരിക്കുകയാണ്. ഇങ്ങനെ വർധിച്ചുവർധിച്ച് കുട്ടികൾക്കിടയിലേയ്ക്കുപോലും വൻതോതിലുള്ള മദ്യവ്യാപനമാണ് നടന്നുകൊണ്ടിരിക്കുന്നത്. 1057 വിദ്യാലയങ്ങൾ മദ്യലഹരി മാഫിയയുടെ പിടുത്തത്തിലാണെന്നും അവിടെ ഇത്തരം വസ്തുക്കൾ സൂക്ഷിക്കാൻപോലും സംവിധാനമുണ്ടെന്ന് ഈയിടെ കേരളകൗമുദി പത്രത്തിൽ വന്നൊരു വാർത്ത ഞാൻ വായിക്കുകയുണ്ടായി. ഇത് തടയാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; കുട്ടികളിലെ മദ്യ വ്യാപനം തടയാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. എം. ബി. രാജേഷ്: സർ, സ്കൂളുകളിലെ ലഹരിയുടെ സ്വാധീനം തടയാൻ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദമായ മറുപടി പറഞ്ഞതാണ്. ജനുവരി മുതൽ ആഗസ്റ്റ് മാസംവരെ മുപ്പതിനായിരത്തിലേറെ സ്കൂളികളിൽ പരിസര പരിശോധനകൾ നടത്തിയിട്ടുണ്ട്. ആ പരിശോധനകൾ തുടരുകയുമാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, മാതൃകാപരമായാണ് വിമുക്തി മിഷൻ പ്രവർത്തിച്ചുവരുന്നത്. ഒൻപതിനായിരത്തോളം വിദ്യാർഥികളെ ലഹരികെണിയിൽ നിന്ന് മോചിപ്പിച്ച് സാധാരണ ജീവിതത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞുവെന്നാണ് ബഹുമാന്യരായ മുഖ്യമന്ത്രിയും എക്സൈസ് വകുപ്പ് മന്ത്രിയും അനുഭവം പങ്കുവച്ചത്. ഇന്ന് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഹയർസെക്കൻഡറി വിഭാഗത്തിലും രക്ഷിതാക്കൾ വിദ്യാർഥികൾ, സന്നദ്ധപ്രവർത്തകർ, എസ്.പി.സി. എന്നിവരെ ഉൾപ്പെടുത്തി കൃത്യമായി തുടർപരിശോധനയോടെയുള്ള സംവിധാനം ഫലപ്രദമാക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇതുമായി ബന്ധപ്പെട്ട പരിശോധനകൾ നിരന്തരമായി നടത്തുന്നുണ്ട്. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനും ഏകോപിപ്പിക്കാനും സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അധ്യക്ഷനായും ജില്ലാതലങ്ങളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ അധ്യക്ഷരായും തദ്ദേശസ്ഥാപനതലത്തിൽ തദ്ദേശസ്ഥാപന മേധാവികൾ അധ്യക്ഷരായും പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ തലത്തിൽ പി.ടി.എ.-യുടെ നേതൃത്വത്തിലും വാർഡുതലത്തിൽ മറ്റ് സന്നദ്ധസംഘടനകളും ജനപ്രതിനിധികളും തുടങ്ങി എല്ലാവരുമടങ്ങുന്ന സമിതികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഒരുപക്ഷെ കേരളത്തിലല്ലാതെ മറ്റൊരു സ്ഥലത്തും ഇതേരീതിയിലുള്ള പ്രവർത്തനങ്ങൾ കാണാൻ കഴിയില്ല. ജനപങ്കാളിത്തത്തോടുകൂടിയുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. സംസ്ഥാനതലം മുതൽ വാർഡുതലത്തിലും സ്കൂൾതലത്തിലും വരെ ഇത്തരത്തിലുള്ള സമിതികൾ പ്രവർത്തിക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെയും ഭാഗത്തുനിന്നും വലിയ പിന്തുണ ലഭിക്കുന്നുണ്ട്. ടി രണ്ട് വകുപ്പുകളുടെയും സജീവ ഇടപെടൽ ഇക്കാര്യത്തിലുണ്ട്. ഇതിനുവേണ്ടി

അധ്യാപകർക്ക് പ്രത്യേക പരിശീലനവും നൽകുന്നുണ്ട്. കൂടാതെ സംസ്ഥാന പൊലീസ് വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് 'യോദ്ധാവ്' എന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. ഇക്കാര്യത്തിൽ പഴുതടച്ച പ്രവർത്തനങ്ങളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും നേരിട്ട് ഒരു കത്തെഴുതിയിട്ടുണ്ട്. 'പ്രിയപ്പെട്ട മക്കളേ'.. എന്നുതുടങ്ങുന്ന ആ കത്തിൽ വിദ്യാഭ്യാസ രംഗത്തെ കാര്യങ്ങൾ സൂചിപ്പിച്ചശേഷം ലഹരിവസ്തുക്കളെ സംബന്ധിച്ചുള്ള കാര്യങ്ങളും പരാമർശിക്കുന്നുണ്ട്. 'ലഹരിയുടെയും മറ്റും ചതിക്കുഴികൾ നമുക്ക് ചുറ്റുമുണ്ടെന്ന് തിരിച്ചറിയണം. അവയ്ക്കെതിരെ സദാ ജാഗ്രതയുള്ളവരായിക്കണം.. പ്രത്യേകിച്ച് ലഹരിക്കെതിരെ സർക്കാർ നടത്തുന്ന വിവിധങ്ങളായ പ്രവർത്തനങ്ങളിൽ നിങ്ങൾ സജീവമായി അണിചേരണം. നമുക്ക് ചുറ്റുമുള്ളവരെ ലഹരിയുടെ വലയിൽപ്പെടാതെ കാത്തുസൂക്ഷിക്കാൻ ചുമതലയുണ്ട്. കൂടാതെ നല്ല വായനാശീലം വളർത്താനും പ്രത്യേകം ശ്രദ്ധിക്കണം..' കത്തിലെ ഏതാനും ചില വരികളാണിത്. കേരളത്തിലെ 40

ലക്ഷത്തിലധികം വരുന്ന വിദ്യാർഥികൾക്കുവേണ്ടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കത്ത് എഴുതിയിരിക്കുന്നത്. കത്തിന്റെ പ്രിന്റിങ് പൂർത്തിയായിട്ടുണ്ട്.

ശ്രീ. അൻവർ സാദത്ത്: സർ, ലഹരിവിമുക്തി പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളുകളിൽ എക്സൈസ് ഉദ്യോസ്ഥർ ക്ലാസുകളെടുക്കുന്നതായും ആയതിന് ടി ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതായും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതെല്ലാം പ്രശംസനീയമാണ്. പക്ഷെ ഇതുസംബന്ധിച്ച് ഒന്നുരണ്ട് കാര്യങ്ങൾ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. എക്സൈസ് ഉദ്യോഗസ്ഥർ സ്കൂളുകളിൽ ക്ലാസെടുക്കാൻ നിയോഗിക്കപ്പെടുന്ന അവസരത്തിൽ അവർക്ക് കൃത്യമായി ഡ്യൂട്ടി ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടാകും. എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥരുടെ സ്ട്രെങ്ത് കുറവാണെന്ന വസ്തുതയും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. കൂടാതെ ഇവരുടെ ക്ലാസുകളിൽ പല കുട്ടികളും അലക്ഷ്യമായിരിക്കുന്ന രീതിയാണ് സ്വീകരിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഉദ്യോഗസ്ഥർ അവരുടെ ഡ്യൂട്ടിയുടെ ഭാഗമെന്നോണം ക്ലാസുകളെടുക്കുന്നുവെന്നുമാത്രം.

മോട്ടിവേഷണൽ സ്പീച്ചുകൾ കൈകാര്യം ചെയ്യുന്ന വ്യക്തികളെ ക്ലാസുകളെടുക്കാൻ നിയോഗിക്കണമെന്നാണ് എന്റെ അഭിപ്രായം. അങ്ങനെയാണെങ്കിൽ കുട്ടികൾക്ക് ക്ലാസുകൾ കുറച്ചുകൂടി ശ്രദ്ധിക്കാനും മനസ്സിലാക്കാനും ഉൾക്കൊള്ളാനും കഴിയും. ഈ രീതിയിൽ ക്ലാസുകൾ സംഘടിപ്പിക്കാൻ ചെയ്യാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ NIMHANS-ന്റെ നേതൃത്വത്തിൽ പരിശീലനം ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥരുണ്ട്. ഇതിനുപുറമെ സൈക്യാട്രിസ്റ്റുകൾ, സൈക്കോളജിസ്റ്റുകൾ തുടങ്ങിയ വിദഗ്ധരുടെ സേവനങ്ങളും ഉപയോഗപ്പെടുത്തുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരള നിയമസഭയിലെ ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ വച്ച് എല്ലാ മേഖലകളിലെയും ലഹരിവിരുദ്ധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി വിദഗ്ധരുടെ ഒരു സമ്മേളനം വിളിച്ചുചേർത്തിരുന്നു. വലിയ പ്രതികരണമാണ് അതിന് ലഭിച്ചത്. ഹാൾ നിറഞ്ഞ് കവിഞ്ഞ ജനപങ്കാളിത്തമുണ്ടായിരുന്നു. അവരുടെയെല്ലാം സേവനം പലതലങ്ങളിലെ പ്രവർത്തനങ്ങളിലും ഇപ്പോൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

മോട്ടിവേഷണൽ സ്പീച്ച് നടത്തുന്നവരെ ലഹരിവിമുക്തി ക്ലാസുകളെടുക്കാൻ ഏൽപ്പിക്കണമെന്ന അഭിപ്രായമാണ് അദ്ദേഹം സൂചിപ്പിച്ചത്. മോട്ടിവേഷണൽ സ്പീച്ച് നടത്തുന്ന എല്ലാവരുടെയും സ്പീച്ച് അത്രയും മോട്ടിവേറ്റിങ് അല്ലെന്ന കാര്യവും ഓർക്കണം. എല്ലാവരും ശാസ്ത്രീയമായ രീതിയല്ല കാര്യങ്ങളെ സമീപിക്കുന്നത്. അദ്ദേഹത്തിന്റെ നിർദേശം പാടേ തള്ളിക്കളയുന്നില്ല. ശാസ്ത്രീയ അടിത്തറയോടുകൂടി ക്ലാസുകൾ കൈകാര്യം ചെയ്യുന്ന വ്യക്തികളെ  പരിഗണിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

**ജയിൽമതിലുകളിലെ വൈദ്യുതവേലികൾ**

2 (*152) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. അബ്ദുൽ ഹമീദ് ചുമതലപ്പെടുത്തിയതുപ്രകാരം
(ശ്രീ. എൻ. ഷംസുദ്ദീൻ): സർ, താഴെ കാണുന്ന

ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജയിലുകളിൽ സുരക്ഷയുടെ ഭാഗമായി മതിലുകളുടെ മുകളിൽ വൈദ്യുതവേലി സ്ഥാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇവ പ്രവർത്തനക്ഷമമാണോയെന്ന് പരിശോധിക്കാറുണ്ടോ; എങ്കിൽ പ്രസ്തുത

പരിശോധന നടത്തുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതവേലി പ്രവർത്തിക്കാത്തതിനെത്തുടർന്ന് ജയിൽപ്പുള്ളികൾ മതിൽ ചാടി രക്ഷപ്പെടുന്ന സാഹചര്യമുണ്ടോ; വിശദവിവരം നൽകാമോ;

(സി) വൈദ്യുതവേലികൾ പ്രവർത്തനക്ഷമമാക്കുന്നതിനായി നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ-സി) തിരുവനന്തപുരം, കണ്ണൂർ, വിയ്യൂർ എന്നീ മൂന്ന് സെൻട്രൽ ജയിലുകളിലും വിയ്യൂർ അതീവസുരക്ഷാ ജയിലിലും വിയ്യൂർ ജില്ലാ ജയിലിലെ വനിതാ ബ്ലോക്കിലും മതിലുകളുടെ മുകളിൽ വൈദ്യുതവേലി സ്ഥാപിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിനുള്ള ചുമതല അതത് ജയിൽ സൂപ്രണ്ടുമാർക്കാണ്.

25-07-2025-ന് കണ്ണൂർ സെൻട്രൽ ജയിലിൽനിന്നും ഒരു തടവുപുള്ളി മതിൽ ചാടിപ്പോയ സാഹചര്യമുണ്ടായി. മണിക്കൂറുകൾക്കകം ഇയാളെ ജനങ്ങളുടെ സഹായത്തോടെ പൊലീസ് പിടികൂടുകയും ചെയ്തു.

സംഭവത്തിൽ കണ്ണൂർ ടൗൺ പൊലീസ് സ്റ്റേഷനിൽ ക്രൈം നം. 899/2025 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിക്കുകയും സംസ്ഥാന പൊലീസ് മേധാവിയുടെ 01-09-2025-ലെ ഉത്തരവുപ്രകാരം സംസ്ഥാന ക്രൈം ബ്രാഞ്ചിന് കൈമാറുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ-കാസർഗോഡ് പൊലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ അന്വേഷണം നടന്നുവരുന്നു. ഉത്തരമേഖലാ ജയിൽ ഡി.ഐ.ജി. നടത്തിയ പ്രാഥമികാന്വേഷണത്തിൽ ജയിലിലെ വൈദ്യുതവേലി പ്രവർത്തനക്ഷമമല്ലാതിരുന്നത് സംഭവത്തിന് ഇടയാക്കിയ കാരണങ്ങളിലൊന്നായി വിലയിരുത്തിയിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വീഴ്ച വരുത്തിയ നാല് ജയിൽ ജീവനക്കാരെ അന്വേഷണവിധേയമായി സർവീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്.

സംഭവത്തെക്കുറിച്ചും ഇതിലേയ്ക്ക് നയിച്ച സാഹചര്യങ്ങളെക്കുറിച്ചും വിശദമായി അന്വേഷിക്കുന്നതിന് ജസ്റ്റിസ് (റിട്ട) ശ്രീ. സി. എൻ. രാമചന്ദ്രൻ നായർ, മുൻ പൊലീസ് മേധാവി ശ്രീ. ജേക്കബ് പുന്നൂസ് എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ

26-07-2025-ന് ചേർന്ന ഉന്നത ഉദ്യോഗസ്ഥരുടെ യോഗം തീരുമാനിച്ചിട്ടുണ്ട്.

താഴെപ്പറയുന്ന കാര്യങ്ങളാണ് കമ്മിറ്റി പരിശോധിക്കുന്നത്.

(1) തടവുപുള്ളി രക്ഷപ്പെടാൻ ഇടയായ സാഹചര്യങ്ങൾ വിലയിരുത്തി ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നിർദേശങ്ങൾ സമർപ്പിക്കുക.

(2) സംസ്ഥാനത്തെ പ്രധാന ജയിലുകളിലെ സുരക്ഷ വർധിപ്പിക്കുന്നതിനായി അടിസ്ഥാനസൗകര്യങ്ങൾ, മാനവശേഷി, ഉദ്യോഗസ്ഥ പരിശീലനം, നിലവിലുള്ള നടപടിക്രമം എന്നിവ സമഗ്രമായി വിലയിരുത്തി പ്രായോഗിക നിർദേശങ്ങൾ സമർപ്പിക്കുക.

(3) ജയിലിനുള്ളിലെ സുരക്ഷയും ജാഗ്രതയും വർധിപ്പിക്കുന്നതിനുവേണ്ട നിർദേശങ്ങൾ സമർപ്പിക്കുക.

(4) അനുവദനീയമല്ലാത്തതും ആശാസ്യമല്ലാത്തതുമായ പ്രവൃത്തികൾ ജയിലിനുള്ളിൽ കർശനമായി തടയുന്നതിനുള്ള മാർഗങ്ങൾ സ്വീകരിക്കുക.

സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് കൂടുതൽ ആധുനികവും പഴുതടച്ചുള്ളതുമായ സുരക്ഷാസംവിധാനം സംസ്ഥാനത്തെ ജയിലുകളിലുണ്ടെന്ന് ഉറപ്പാക്കും.

സെൻട്രൽ ജയിലുകളിൽ ഇലക്ട്രിക് ഫെൻസിങ് സംവിധാനമൊരുക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് എത്രയുംവേഗം ലഭ്യമാക്കി മൂന്ന് മാസത്തിനകം പൂർത്തിയാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ യോഗം ചുമതലപ്പെടുത്തിയിട്ടുണ്ട്.

പുറംമതിലുകളിൽ ലേസർ സെക്യൂരിറ്റി സിസ്റ്റം സ്ഥാപിക്കുന്നത് പരിശോധിക്കാനും തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള സി.സി.ടി.വി. സംവിധാനത്തിനുപുറമെ ലേസർ സംവിധാനമുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ, ഫയർ അലാറം സിസ്റ്റം എന്നിവയും സ്ഥാപിക്കും. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള കൊടുംകുറ്റവാളികളായ തടവുകാരെ അവിടങ്ങളിലെ ജയിലുകളിലേക്ക് മാറ്റാനാകുമോ എന്നതും പരിശോധിക്കും.

ഇന്റലിജൻസ് സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനുള്ള തീരുമാനവുമെടുത്തിട്ടുണ്ട്. പ്രശ്നക്കാരും അതീവ സുരക്ഷ ആവശ്യമുള്ളതുമായ തടവുകാരെ ആശുപത്രി, കോടതി എന്നിവിടങ്ങളിലേക്ക് കൊണ്ടുപോകുന്ന

അവസരത്തിൽ പൊലീസ് എസ്കോർട്ട് കൂടുതൽ ശക്തമാക്കാനും യോഗം തീരുമാനിച്ചു.

സംസ്ഥാനത്ത് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള എല്ലാ മുൻകരുതൽ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, കൊടുംകുറ്റവാളികളെ പാർപ്പിച്ചിട്ടുള്ള ജയിലുകളിൽ മറ്റ് ജയിലുകളിൽ നിന്ന് വ്യത്യസ്തമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്താറുണ്ടോ; ട്രെയിനിൽ വച്ച് ഒരു പെൺകുട്ടിയെ ആക്രമിച്ച് പുറത്ത് തള്ളിയിടുകയും തുടർന്ന് ട്രെയിനിൽനിന്ന് പുറത്തേയ്ക്ക് ചാടി പെൺകുട്ടിയെ പീഡിപ്പിച്ച് കൊലപ്പെടുത്തുകയും ചെയ്ത ഗോവിന്ദച്ചാമിയെ പാർപ്പിച്ചിരുന്ന ജയിലിൽ എന്തൊക്കെ തരത്തിലുള്ള അധിക സുരക്ഷകളാണ് ഏർപ്പെടുത്തിയിരുന്നത്; അതൊക്കെ മറികടന്ന് അയാൾ ജയിൽ ചാടിയത് എങ്ങനെയാണെന്ന് കണ്ടെത്തിയോ; അയാൾക്ക് ജയിൽ ചാടാൻ ജയിൽ ഉദ്യോഗസ്ഥരിൽനിന്ന് സഹായം ലഭിച്ചിട്ടുണ്ടെന്ന ആരോപണത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; ആയതിന്റെ കണ്ടെത്തൽ എന്താണ്; ഏതെങ്കിലും ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

Uncorrected/Not for publication
30-09-2025

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതുമായി ബന്ധപ്പെട്ട് അതീവ ഗൗരവമായ നടപടികൾതന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ നടത്തിയ പ്രാഥമിക അന്വേഷണത്തിന്റെ ഭാഗമായി ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ശ്രീ. രജീഷ് എ. കെ., അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരായ ശ്രീ. സഞ്ജയ് എസ്., ശ്രീ. അഖിൽ ചാരിറ്റ്, അസിസ്റ്റന്റ് സൂപ്രണ്ട് ശ്രീ. റിജോ കെ. സി. എന്നീ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പരിശോധനകൾ ഗൗരവമായി നടക്കുന്നുണ്ട്. ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നിയമനടപടികൾ സംബന്ധിച്ച് ജസ്റ്റിസ് (റിട്ട) ശ്രീ. സി. എൻ. രാമചന്ദ്രൻ നായർ, മുൻ പൊലീസ് മേധാവി ശ്രീ. ജേക്കബ് പുന്നൂസ് എന്നിവരുൾപ്പെട്ട കമ്മിറ്റി എത്രയും വേഗം റിപ്പോർട്ട് സമർപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. തടവുപുള്ളി രക്ഷപ്പെടാനിടയായ സാഹചര്യങ്ങൾ വിലയിരുത്തി ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നിർദേശങ്ങൾ സമർപ്പിക്കാനും പ്രത്യേകമായി ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാന ജയിലുകളിലെ സുരക്ഷ വർധിപ്പിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ, മാനവവിഭവശേഷി, ഉദ്യോഗസ്ഥ പരിശീലനം, നിലവിലുള്ള നടപടിക്രമം

എന്നിവയെല്ലാം സമഗ്രമായി വിലയിരുത്തി പ്രായോഗിക നിർദേശങ്ങൾ സമർപ്പിക്കണമെന്നും സൂചിപ്പിച്ചിട്ടുണ്ട്. അന്വേഷണത്തിന്റെ ഭാഗമായുള്ള റിപ്പോർട്ടുകൾ ലഭ്യമാകുന്നമുറയ്ക്ക് ശക്തമായ നടപടി സ്വീകരിക്കാവുന്നതാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, പല ജയിലുകളിലും പ്രത്യേകിച്ച് രാഷ്ട്രീയ കൊലപാതക കേസുകളിലെ പ്രതികളെ പാർപ്പിച്ചിരിക്കുന്ന ജയിലുകളിൽ ജയിൽ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നില്ലെന്നും രാഷ്ട്രീയ സ്വാധീനമുള്ള അത്തരം പ്രതികളെ ജയിൽ ഉദ്യോഗസ്ഥർ ഭയപ്പെടുകയാണെന്നും അതാണ് ജയിലിലെ സംഘർഷങ്ങൾക്ക് ഇടയാക്കുന്നതെന്നും വിചാരണ തടവുകാരും ചെറിയ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവരും ഇവരെ ഭയന്നാണ് ജയിലുകളിൽ കഴിയുന്നതെന്നുമുള്ള ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലുള്ള ഒരു സംഘർഷാവസ്ഥ ജയിലുകളിലുണ്ടെന്ന് പറയാൻ കഴിയില്ല. കുറ്റവാളികളായവർ മാത്രമല്ല ജയിലുകളിൽ കഴിയുന്നത്. അവിടെ റിമാൻഡ് തടവുകാരുമുണ്ട്. അതുമായി ബന്ധപ്പെട്ട നടപടികൾ

സ്വീകരിക്കുന്നത് ജയിൽ ഉദ്യോഗസ്ഥർ തന്നെയാണ്. ജയിൽ ചട്ടങ്ങൾക്ക് വിരുദ്ധമായ നടപടികൾ ജയിലുകളിലെ അന്തേവാസികളുടെ ഭാഗത്തുനിന്നും ഉണ്ടായാൽ കർശനമായ നടപടി ഉദ്യോഗസ്ഥർ സ്വീകരിക്കാറുണ്ട്. രാഷ്ട്രീയ കേസുകളിൽ ശിക്ഷിക്കപ്പെടുന്നവർക്ക് പ്രത്യേകമായ എന്തെങ്കിലും ആനുകൂല്യമോ അവകാശമോ ജയിലുകളിൽ അനുവദിക്കുന്നില്ല. അതൊക്കെ അനാവശ്യമായിട്ടുള്ള ദുഷ്പ്രചരണങ്ങൾ മാത്രമാണ്. കൃത്യമായി ജയിൽ അച്ചടക്കം പാലിച്ചുകൊണ്ട് ജയിലിനെ മുന്നോട്ടുകൊണ്ടുപോകുന്നതിനാണ് ജയിൽ ഉദ്യോഗസ്ഥർ ശ്രമിക്കുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കണ്ണൂർ സെൻട്രൽ ജയിലിൽ 160-ലധികം വർഷം പഴക്കമുള്ള കെട്ടിടങ്ങളിലാണ് തടവുകാരെ പാർപ്പിച്ചിട്ടുള്ളത്. അതുപൊളിച്ച് ആധുനിക സുരക്ഷാ സംവിധാനങ്ങളുള്ള ജയിലും കെട്ടിടങ്ങളും അതുപോലെതന്നെ മതിലും പണിയാൻ പദ്ധതിയുണ്ടോ? എന്റെ മണ്ഡലമായ കാസർഗോഡ് ജില്ലയിലെ സ്പെഷ്യൽ ജയിലിന് എൺപത് വർഷത്തെ പഴക്കവും ധാരാളം പരിമിതികളുമുണ്ട്. അത് പുനർനിർമ്മിക്കാൻ സർക്കാരിന് പദ്ധതികളുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ഗൗരവമായ ഒരു സാമൂഹിക പ്രശ്നം തന്നെയാണ്. നമ്മുടെ ജയിലുകളെന്ന് പറയുന്നത് പലതും വളരെ കാലപ്പഴക്കമുള്ളതാണ്. അത് കാലാനുസൃതമായി മെച്ചപ്പെടുത്താനുള്ള നടപടികൾ പലപ്പോഴായി സ്വീകരിച്ചിട്ടുണ്ട്. അതിന്റേതായ മാറ്റങ്ങളും വന്നിട്ടുണ്ട്. എന്നാൽ ജയിലിലെ സൗകര്യങ്ങൾ വർധിക്കേണ്ടതും പുതിയ ജയിലുകൾ വേണ്ടതുമാണ്. അത്തരത്തിലുള്ള ഗൗരവമായ ആലോചനയിൽ തന്നെയാണ് സർക്കാർ ഉള്ളത്. അദ്ദേഹത്തിന്റെ മണ്ഡലത്തിലെ ജയിലിന്റെ കാര്യം പ്രത്യേകമായി ഇക്കൂട്ടത്തിൽ പരിഗണിക്കാം.

ശ്രീ. നജീബ് കാന്തപുരം: സർ, നിലവിൽ ജയിൽ സുരക്ഷയുമായി ബന്ധപ്പെട്ട് മിക്ക വികസിത രാജ്യങ്ങളിലും വ്യത്യസ്തമായിട്ടുള്ള സാങ്കേതികമായ സൗകര്യങ്ങൾ ഒരുക്കിവരികയാണ്. പ്രത്യേകിച്ചും ബയോമെട്രിക് മോണിറ്ററിങ്, എ.ഐ. ബേസ്ഡ് സർവൈലൻസ്, ഇലക്ട്രോണിക് ടാഗിങ്, മോഷൻ സെൻസേഴ്സ്, സ്മാർട്ട് ഫെൻസിങ്, ഡ്രോൺ സർവൈലൻസ്, റിയൽ ടൈം ട്രാക്കിങ് തുടങ്ങിയ ആധുനികമായിട്ടുള്ള നിരവധി സാങ്കേതിക വിദ്യകളുടെ സാധ്യതകൾ ഒട്ടുമിക്ക വികസിത

രാജ്യങ്ങളിലും ഉപയോഗിക്കുകയാണ്. നമ്മുടെ ജയിലുകളുടെ മതിലുകൾ ഉയർത്തിയതുകൊണ്ട് മാത്രമായില്ല, ഇന്ന് അത്രയേറെ ടെക്നോളജി അറിയുന്ന അല്ലെങ്കിൽ സാങ്കേതികമായ പരിജ്ഞാനമുള്ള തടവറയിൽ കഴിയുന്ന പ്രതികളെ ഇത്തരത്തിൽ ജയിൽ ബ്രേക്കിങ്ങിന് വേണ്ടിയിട്ട് അവർക്ക് പലതരത്തിലുള്ള ആധുനിക സൗകര്യങ്ങളും ലഭ്യമാകും എന്നിരിക്കെ ഇത്തരത്തിലുള്ള പുതിയ സാങ്കേതികവിദ്യയെ ജയിൽ സുരക്ഷയ്ക്കുവേണ്ടി കൊണ്ടുവരാൻ സംസ്ഥാന സർക്കാർ ആലോചിക്കുന്നുണ്ടോ? ഇത്തരത്തിൽ ഏതെങ്കിലും പുതിയ പദ്ധതികൾ ഗവൺമെന്റ് നടപ്പാക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, തീർച്ചയായും ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച രീതിയിലുള്ള മാറ്റങ്ങൾ ആധുനിക സാങ്കേതികവിദ്യയുടെ മാറ്റത്തിനനുസരിച്ച് ജയിലുകളിൽ ആവശ്യമാണ്. അതിന്റെ ഭാഗമായി നേരത്തെ കോടതികളിൽ കേസ് വരുമ്പോൾ പ്രതികളായിട്ടുള്ള ആളുകൾ ജയിലിനകത്താണെങ്കിൽ അവരെ കോടതിയിൽ ഹാജരാക്കണമായിരുന്നു. ഇപ്പോൾ വീഡിയോ കോൺഫറൻസ് വഴി ജയിലിനകത്തുനിന്നുതന്നെ അവർക്ക് ഹാജരാകാൻ കഴിയും. ഇത് ശക്തിപ്പെടുത്താൻ തീരുമാനിച്ചിരിക്കുകയാണ്. നല്ല രീതിയിൽ എല്ലാ ഇടങ്ങളിലും ആ

നടപടികൾ സ്വീകരിക്കണമെന്നാണ് കണ്ടിട്ടുള്ളത്. അതുപോലെ ബോഡി സ്കാനിങ്ങുമായി ബന്ധപ്പെട്ട കാര്യങ്ങളിലും കാലാനുസൃതമായ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്, പൂർണ്ണമായിട്ടില്ല. അദ്ദേഹം പറഞ്ഞ രീതിയിലുള്ള സാങ്കേതികവിദ്യകൾ നമുക്ക് സ്വീകരിക്കാവുന്നതാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, നമ്മുടെ ജയിലുകൾ കാര്യക്ഷമമാകേണ്ടതിനെ സംബന്ധിച്ച് വകുപ്പ് എടുത്ത നടപടികളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിച്ചത്. രാഷ്ട്രീയ സംഘർഷങ്ങളിലെ തടവുകാർക്ക് പ്രത്യേകിച്ച് പരിരക്ഷയൊന്നും കിട്ടുന്നില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചു. മൊബൈൽ ഫോൺ, ഭക്ഷണം, മദ്യം അടക്കം ചില പ്രത്യേക തടവുകാർക്ക് ജയിലുകളിൽ ലഭിക്കുന്നുണ്ടെന്ന് നമ്മുടെ രാജ്യത്തെ മാധ്യമങ്ങൾ കൃത്യമായി പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈയടുത്ത് നമ്മളെ ഞെട്ടിച്ച ഒരു സംഭവം, ജയിലിൽനിന്ന് കോടതിയിൽ കൊണ്ടുപോയി തിരിച്ചുകൊണ്ടുവരുന്നതിനിടയിൽ ഒരുസ്ഥലത്ത് പ്രത്യേകമായി മദ്യപാനത്തിന് ഈ പ്രതികൾക്ക് സൗകര്യം ഏർപ്പെടുത്തുകയും അവർ മദ്യപിക്കുന്നത് ടെലിവിഷനിലൂടെ ജനം കാണുന്ന

സാഹചര്യമുണ്ടാകുകയും ചെയ്തു. ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ജയിൽചട്ടങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങൾ നടന്നാൽ അതുമായി ബന്ധപ്പെട്ട നടപടികളിലേക്ക് സർക്കാർ കടക്കും. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടപ്പോൾ അതിൽ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലൊന്നും ആർക്കും പ്രത്യേക പരിഗണനയില്ല. എന്നാൽ നമ്മൾ കാണേണ്ട ഒരു കാര്യമുണ്ട്, ജയിലിനകത്തുള്ള തടവുപുള്ളികൾ വിവിധ കേസുകളിൽ ഹാജരാക്കപ്പെടുമ്പോൾ ആ ഹാജരാക്കപ്പെടുന്നത് വളരെ അകലെയായിരിക്കും. അതിനാൽ അവർക്ക് ഭക്ഷണം കഴിക്കാനും ചായ കുടിക്കാനും മറ്റുമൊക്കെയുള്ള സൗകര്യങ്ങൾ സ്വാഭാവികമായും കൂടെപ്പോകുന്ന പോലീസ് ഉദ്യോഗസ്ഥർ ചെയ്തുകൊടുക്കും. അങ്ങനെ ചെയ്താൽ അതൊരു കുറ്റമായി പറയാൻ കഴിയില്ല. കാരണം അവർ ഭക്ഷണവും ചായയും കഴിക്കേണ്ടവർ തന്നെയാണ്. എന്നാൽ തെറ്റായ കാര്യങ്ങൾ നടന്നാൽ അതിൽ ശക്തമായ നടപടികൾ സ്വീകരിക്കും. ഇവിടെ സാധാരണഗതിയിൽ ഭക്ഷണം കഴിച്ചുയെന്നുള്ളതിന്റെ പേരിൽ നടപടിയെടുക്കാൻ പുറപ്പെട്ട

ഒരുകാലമുണ്ടായിരുന്നു, അത് നമ്മൾ മറക്കരുത്. അങ്ങനെ ചെയ്യുന്നത് സാധാരണഗതിയിൽ മനുഷ്യത്വപരമായ കാര്യമാണോ? ജയിലിലെ തടവുപുള്ളിയായതുകൊണ്ട് ആ തടവുപുള്ളിക്ക് സാധാരണഗതിയിലുള്ള മാനുഷിക അവകാശങ്ങളില്ലേ? ഇവിടെ തെറ്റായ കാര്യങ്ങൾ നടന്നാൽ അവ വച്ച് പൊറുപ്പിക്കാൻ പാടില്ല. അതുപിന്നെ സംയമനത്തോടെ കാണേണ്ട ആവശ്യവുമില്ല. ശക്തമായ നടപടിയിലേക്ക് നീങ്ങുന്ന നിലയാണ് സ്വീകരിക്കുന്നത്. ആ നടപടി എപ്പോഴും സ്വീകരിക്കും.

ശ്രീ. വി. ജോയി: സർ, ജയിലുകളിലെ സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് അങ്ങ് സൂചിപ്പിച്ചത്. അതിൽ ശിക്ഷാകാലാവധി കഴിഞ്ഞ ധാരാളം ആളുകൾ ഇപ്പോഴും ജയിലുകളിലുണ്ട്. ജയിലുകളിൽ ഓവർക്രൗഡിങ് കുറയ്ക്കുന്നതിന് 26-07-2025-ന് ചേർന്ന യോഗത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട് വിശദമായ ഒരു ചർച്ചയാണ് നേരത്തെ നടന്നത്. അതിന്റെ ഭാഗമായി ഒന്ന്, ജയിലുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ വർധിപ്പിക്കലാണ് പ്രധാനം. അതിൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഓവർക്രൗഡിങ്

പലയിടങ്ങളിലുമുണ്ട് എന്നുള്ളത് വസ്തുതയാണ്. അതിൽ കണ്ട ഒരു കാര്യം, അട്ടക്കുളങ്ങരയിൽ സ്ഥിതി ചെയ്യുന്ന വനിതാ ജയിൽ, പൂജപ്പുര സെൻട്രൽ ജയിൽ എന്നിവ അനെക്സ് ചെയ്താൽ ഏകദേശം 300 തടവുകാരെ പാർപ്പിക്കാൻ കഴിയും. സെൻട്രൽ പ്രിസണിന് അടുത്തുള്ള ഒരു ബ്ലോക്കിലേക്ക് വനിതാ ജയിലിനെ മാറ്റാനാണ് ഉദ്ദേശിക്കുന്നത്. അതുപോലെതന്നെ ആലപ്പുഴ ജില്ലാ ജയിലിന്റെ നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അത് പൂർത്തിയായാൽ അവിടെ 150 പേരെ പാർപ്പിക്കാൻ കഴിയും. അതിലേക്ക് ആവശ്യമായ തസ്തികകളും സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. മുട്ടം ജില്ലാ ജയിലിലും ഏകദേശം 100 അന്തേവാസികളെക്കൂടി പാർപ്പിക്കാൻ കഴിയും. അതിന് മതിയായ തസ്തികകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നുണ്ട്. കോട്ടയം, പത്തനംതിട്ട മേഖലയിൽ ഒരു സെൻട്രൽ ജയിൽ സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാരണം, തിരുവനന്തപുരം ജില്ലയിലെ സെൻട്രൽ ജയിൽ കഴിഞ്ഞാൽ പിന്നെ തൃശ്ശൂരിലെ വിയ്യൂർ സെൻട്രൽ ജയിലാണുള്ളത്, പിന്നെ തവനൂരും കണ്ണൂരുമുണ്ട്. അതുകൊണ്ട് സംസ്ഥാനത്തിന്റെ മധ്യഭാഗത്തായി ഒരു സെൻട്രൽ ജയിലുണ്ടാകുന്നത് നല്ലതായിരിക്കും. ഓവർ ക്രൗഡിങ്

കുറയ്ക്കുന്നതിനും അത് സഹായകരമാകും. നേരത്തെ വീഡിയോ കോൺഫറൻസിങ് സംവിധാനത്തെപ്പറ്റി പറഞ്ഞു. അക്കാര്യം 100 ശതമാനവും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. നിലവിലുള്ള കോടതികളുടെ സമീപത്തെ ജയിലുകളിൽ തടവുകാരെ പാർപ്പിക്കാൻ കഴിയുന്നതും ശ്രമിക്കുന്നതാണ്. എല്ലാ സെൻട്രൽ പ്രിസൺ സൂപ്രണ്ടുമാരും ജയിലുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യം വർധിപ്പിക്കുന്നതിനുള്ള നിർദേശം സമർപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ടി. സിദ്ദിഖ്: സർ, ശരീരം മെലിയുന്നതിനുവേണ്ടി ഭക്ഷണം കുറച്ചും ഒഴിവാക്കിയും മാസങ്ങൾ നീണ്ട പ്രിപ്പറേഷൻ എടുത്തതിനുശേഷമാണ് ഗോവിന്ദച്ചാമി ജയിൽ ചാടിയത്. ഡോർ വെട്ടി അവിടെ നൂല് കെട്ടി ഒരു വലിയ മതിൽ ചാടിയാണ് പകുതി കൈയുള്ള വികലാംഗനായ കൊടുംകുറ്റവാളി രക്ഷപ്പെടാൻ ശ്രമിച്ചത്. ഇത്തരം കൊടുംകുറ്റവാളികളെ നിരീക്ഷിക്കാൻ എത്രപേർ ജയിലിലുണ്ടെന്നും അവരെ നിരീക്ഷിക്കാനുള്ള പ്രത്യേക സംവിധാനം നമ്മുടെ ജയിൽ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടോയെന്നും പറയാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതൊരു ശരിയായ നിർദേശമാണ്. ജയിലുകളിലെ കൊടുംകുറ്റവാളികളെ കുറേക്കാലം കഴിയുമ്പോൾ സാധാരണഗതിയിലുള്ള കുറ്റവാളികളായി ജയിൽ ഉദ്യോഗസ്ഥർക്ക് തോന്നാം. അങ്ങനെ കാണാൻ പാടില്ല. എല്ലാ ഘട്ടത്തിലും അവരെ ഗൗരവമായി നിരീക്ഷിക്കേണ്ടതുണ്ടെന്നാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. എല്ലാഘട്ടത്തിലും അവരുടെ കാര്യത്തിൽ പ്രത്യേക നിരീക്ഷണ സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ജയിലുകളിലെ അന്തേവാസികളിൽ മാനസികാസ്വാസ്ഥ്യം വർധിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനുപരിഹാരം കാണാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അക്കാര്യത്തിൽ പ്രത്യേക സംവിധാനം തന്നെയുണ്ട്. ആവശ്യമായ ജയിൽ പരിശോധനകൾ നടക്കുന്നുണ്ട്. മാനസികാസ്വാസ്ഥ്യം കൂടുന്ന അവസ്ഥ വന്നാൽ പ്രത്യേകമായ നടപടികളും സ്വീകരിക്കുന്നുണ്ട്.

Uncorrected/Not for publication
30-09-2025

## ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ

(*153) ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ, കോളേജ് തലത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ രൂപീകരിച്ച ലഹരി വിരുദ്ധ ക്ലബ്ബുകൾ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെ നടത്തുന്ന ബോധവൽക്കരണ ക്ലാസുകളിൽ എക്സൈസ് ഉദ്യോഗസ്ഥരുടെയും വിമുക്തി മിഷൻ കൗൺസിലർമാരുടെയും സേവനം ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) വിദ്യാർഥികൾ ലഹരിക്കെതിരായി ചിന്തിക്കുന്നതിനും വിദ്യാർഥികളിലെ വ്യത്യസ്തങ്ങളായ സർഗാത്മക കഴിവുകൾ വികസിപ്പിച്ചെടുത്ത് പ്രസ്തുത കഴിവുകൾ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി ക്രിയാത്മകമായി വിനിയോഗിക്കുന്നതിനും

എന്തെല്ലാം പദ്ധതികളാണ് വകുപ്പ് മുഖേന വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സ്കൂളുകളുടെയും കോളേജുകളുടെയും സമീപ പ്രദേശങ്ങളിലെ കടകളിൽ പുകയില ഉൽപന്നങ്ങളും മയക്കമരുന്ന് വില്പനയും തടയുന്നതിന് വിവിധ വകുപ്പുകൾ ഏകോപിപ്പിച്ച് നടത്തിവരുന്ന പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ,

(എ) സംസ്ഥാനത്ത് നിലവിൽ ഹൈസ്കൂൾ, ഹയർ സെക്കൻഡറി, കോളേജ് തലങ്ങളിലാണ് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുള്ളത്. സ്കൂൾ തലത്തിൽ 5862 ലഹരി വിരുദ്ധ ക്ലബ്ബുകളും കോളേജ് തലത്തിൽ 899 ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കുട്ടികൾ ലഹരി ഉപയോഗിക്കില്ലെന്നും അവരുടെ സുഹൃത്തുക്കളോ സഹപാഠികളോ ലഹരി മാർഗങ്ങളിലേക്ക് പോകില്ലെന്നും ആത്മവിശ്വാസത്തോടെ പറയുവാനും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ യാതൊരു വിധ ലഹരി ഉൽപന്നങ്ങളും

Uncorrected/Not for publication
30-09-2025

കടന്നുവരില്ലെന്ന് ഉറപ്പുവരുത്താനും ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴിയുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നുണ്ട്. നിലവിലെ സാമൂഹിക സാഹചര്യങ്ങൾക്ക് അനുസൃതമായി ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരി വിരുദ്ധ ക്ലബ്ബുകൾ കാര്യക്ഷമമാക്കുന്നതിനായി ക്ലബ്ബുകൾക്ക് ഘടനാപരമായ ഒരു പൊതുസ്വഭാവം വരുത്തുന്നതിനും ക്ലബ്ബ് അംഗങ്ങളുടെ അച്ചടക്കം ഉറപ്പാക്കുന്നതിനും എല്ലാ സ്കൂളുകളിലെയും ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് രജിസ്റ്റർ നമ്പർ നൽകിയിട്ടുണ്ട്. ക്ലബ്ബുകളിലെ കുട്ടികൾ സ്കൂളിൽനിന്നും വിടുതൽ ചെയ്തുപോകുന്ന മുറയ്ക്ക് ഓരോ വർഷവും ജൂൺ, ജൂലായ് മാസങ്ങളിൽ ക്ലബ്ബ് പുനഃസംഘടിപ്പിച്ചുവരുന്നു. അതത് വിദ്യാലയത്തിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ മേൽനോട്ടത്തിലാണ് എക്സൈസ് വകുപ്പ് സംഘടിപ്പിക്കുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുന്നത്. ഓരോ സ്കൂളിലെയും ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ നിർദേശങ്ങളും സഹായങ്ങളും ഏകോപനവും നടത്തുന്നതിന് ബന്ധപ്പെട്ട എക്സൈസ് റേഞ്ചിലെ ഒരു എക്സൈസ് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ സ്കൂളുകളിലും ക്ലബ്ബിന്റെ

മേൽനോട്ടത്തിന് ഒരു അധ്യാപകനെ ക്ലബ്ബ് കൺവീനറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകളിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നവർക്ക് ഗ്രേസ് മാർക്ക് നൽകുന്നത് സംബന്ധിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. വിവിധ മേഖലകളിൽ പരിജ്ഞാനവും കഴിവും വികസിപ്പിക്കുന്നതിന് ലഹരിവിരുദ്ധ ക്ലബ്ബുകൾ മുഖാന്തരം സംഘടിപ്പിക്കാവുന്ന പ്രവർത്തനങ്ങൾ ക്ലബ്ബുകൾക്ക് നൽകിയിട്ടുണ്ട്. ലഹരിവിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായി ബോധവൽക്കരണ ആശയങ്ങൾ ഉൾപ്പെടുന്ന വിവിധ പ്രവർത്തനങ്ങളും കുട്ടികളിൽ ലഹരിക്കെതിരെ കായിക ലഹരി വളർത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളും ലഹരി വിരുദ്ധ ക്ലബ്ബുകൾ മുഖാന്തരം നടപ്പാക്കിവരുന്നു.

(ബി) ഉണ്ട്. ഓരോ സ്കൂളിലെയും ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ നിർദേശങ്ങളും സഹായവും ഏകോപനവും നടത്തുന്നതിന് ബന്ധപ്പെട്ട എക്സൈസ് റേഞ്ചിലെ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് എക്സൈസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിവരുന്നു. ജീവിത നൈപുണികളെ അടിസ്ഥാനമാക്കി ബോധവൽക്കരണ ക്ലാസ്സുകൾ

കൈകാര്യം ചെയ്യുന്നതിന് 142 എക്സൈസ് ഉദ്യോഗസ്ഥർക്ക് NIMHANS മുഖേന പരിശീലനം നൽകി കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകുന്നതിന് നിയോഗിച്ചിട്ടുണ്ട്. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി രക്ഷിതാക്കൾക്കും അധ്യാപകർക്കും അവബോധം നൽകുന്നതിനായി "കരുതൽ" എന്ന പേരിലും വിദ്യാർഥികളെ ബോധവൽക്കരിക്കുന്നതിനായി "കവചം" എന്ന പേരിലും കൈപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

(സി) പഠനം കഴിഞ്ഞുള്ള സമയം കുട്ടികളുടെ കർമ്മശേഷിയെ ക്രിയാത്മകമായി വിനിയോഗിക്കുന്നതിനും അവരിലെ കലാപരവും കായികപരവുമായ കഴിവിനെ പ്രോത്സാഹിപ്പിച്ച് അതിലൂടെ ലഹരിക്കെതിരായ പ്രവർത്തനങ്ങൾക്ക് പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ വിവിധങ്ങളായ പദ്ധതികൾ വിമുക്തി മിഷന്റെ ഭാഗമായി സംഘടിപ്പിച്ചുവരുന്നു. ശരിയായ കാര്യങ്ങൾ പഠിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതുവഴി തെറ്റായ പ്രവണതകൾ കുട്ടികളിലേക്ക് കടന്നുവരാതിരിക്കുന്നതിനും ചെറിയ പ്രായം മുതൽതന്നെ കുട്ടികളെ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും

ജീവിത നൈപുണികൾ സ്വായത്തമാക്കുന്നതിനും കുട്ടികളെ സഹായിക്കുന്നതിനായി പ്രൈമറി തലത്തിലെ കുട്ടികളുടെ രക്ഷിതാക്കളെയും അധ്യാപകരെയും ഉൾപ്പെടുത്തി "ബാല്യം അമൂല്യം" എന്ന പദ്ധതി നടപ്പിലാക്കുന്നു. നിലവിൽ 140 സ്കൂളുകളിൽ ആരംഭിച്ച ഈ പദ്ധതി മറ്റ് സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യാർഥികളുടെ ശ്രദ്ധ മറ്റ് പ്രചോദനങ്ങളിലേക്ക് പോകാതെ, അവരുടെ കായികപരമായും കലാപരമായുമുള്ള കഴിവുകളെ പരിപോഷിപ്പിക്കുന്നതിന് "ഉണർവ്", "ടീം വിമുക്തി സ്പോർട്സ് ടീം" എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. ലഹരിക്കെതിരെ കായിക ലഹരി എന്ന ആശയം മുൻനിർത്തി വിദ്യാലയങ്ങളിൽ കളിയിടങ്ങൾ ഒരുക്കുക, കായിക ഉപകരണങ്ങൾ നൽകുക എന്നിവ ലക്ഷ്യമിടുന്ന 'ഉണർവ്' പദ്ധതി 29 സ്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകളിലെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും കുട്ടികളുടെ കായിക മത്സര ഇനങ്ങളിലുള്ള താൽപര്യം വർധിപ്പിക്കുന്നതിനുമായി സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ "ടീം വിമുക്തി" എന്ന പേരിൽ വിവിധ

കായിക ഇനങ്ങളിലായി സ്പോർട്സ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ 1000 സ്കൂളുകളിൽ ടീം രൂപീകരിച്ചിട്ടുണ്ട്.

(ഡി) ലഹരി പദാർഥങ്ങളിൽനിന്നും കുട്ടികൾക്ക് സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി സ്കൂൾ പരിസരത്തെ കടകളിൽ പരിശോധന നടത്തി പുകയില ഉൽപന്നങ്ങൾ, മയക്കുമരുന്ന് എന്നിവ വില്പന നടത്താൻ സൂക്ഷിച്ചിട്ടില്ലെന്ന് ഉറപ്പുവരുത്തുകയും അത്തരം കുറ്റകൃത്യങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. സ്കൂളുകളുടെയും കോളേജുകളുടെയും സമീപ പ്രദേശങ്ങളിലെ കടകളിൽ പുകയില ഉൽപന്നങ്ങളും മയക്കുമരുന്ന് വില്പനയും തടയുന്നതിനും കുട്ടികളിലെ ലഹരി ഉപഭോഗം കണ്ടെത്തി പരിഹരിക്കുന്നതിനും ഒരു Standard Operating Procedure (SOP) തയ്യാറാക്കി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പാക്കി വരുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം മഫ്തി പട്രോളിങ്ങും ബൈക്ക് പട്രോളിങ്ങും ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകളിലെ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് മുമ്പും ക്ലാസ്സ് അവസാനിച്ചതിനുശേഷവും നിശ്ചിത

ഇടവേളകളിൽ സ്കൂൾ പരിസരങ്ങളിലും സംശയമുള്ള സ്ഥലങ്ങളിലും പട്രോളിങ് നടത്തിവരുന്നുണ്ട്. എക്സൈസ് വകുപ്പ് മാത്രമായും, പോലീസ്, മോട്ടോർ വാഹന വകുപ്പ്, ആരോഗ്യ വകുപ്പ് തുടങ്ങിയ വകുപ്പുകളുമായി ചേർന്നും പരിശോധനകളും രഹസ്യ നിരീക്ഷണങ്ങളും നടത്തി വരുന്നുണ്ട്.

ശ്രീ. യു. ആർ. പ്രദീപ്: സർ, ലഹരിക്കെതിരെ വലിയ ഇടപെടലാണ് സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നതെന്ന് ഒന്നാമത്തെ ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. ലഹരിക്കെതിരെ സ്കൂൾ-കോളേജ് തലങ്ങളിൽ വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. അത് ഗ്രാമപഞ്ചായത്തിലെ വാർഡ് തലത്തിലെ ജനപ്രതിനിധികളെ ഉൾപ്പെടുത്തി ഇത്തരത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കാൻ സാധിക്കുമോ; ഇക്കാര്യത്തിൽ ജില്ലാ പഞ്ചായത്ത് തലത്തിലോ സംസ്ഥാന തലത്തിലോ മികച്ച ജനപ്രതിനിധികൾ നടത്തിയ ഇടപെടലിന് അവാർഡ് പ്രഖ്യാപിക്കാൻ കഴിയുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, വാർഡുതലത്തിൽ ലഹരിക്കെതിരെയുള്ള കമ്മിറ്റികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് നേരത്തെ പറഞ്ഞ മറുപടിയിൽ പറഞ്ഞതാണ്. ലഹരിക്കെതിരെ ധാരാളം

പ്രവർത്തനങ്ങളാണ് നടത്തുന്നത്. മറുപടി ദീർഘമായതുകൊണ്ടാണ് ചില കാര്യങ്ങൾ ചുരുക്കിയത്. സ്കൂൾ തലത്തിൽ നടപ്പാക്കിയ 'ബാല്യം അമൂല്യം' എന്ന പദ്ധതി 140 സ്കൂളുകളിൽ ആരംഭിച്ചു. അത് മറ്റ് സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുകയാണ്. കുട്ടികളുടെ ലഹരി ഉപയോഗം കണ്ടെത്താനും പരിഹരിക്കാനും ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീഡ്യുവർ (SOP) തയ്യാറാക്കി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കുട്ടികൾ മയക്കുമരുന്ന് ഉപയോഗിക്കുന്നുണ്ടെങ്കിൽ അധ്യാപകരുടെ സഹായത്തോടെ ആരംഭത്തിൽത്തന്നെ കണ്ടെത്തി കൗൺസിലിങ് കൊടുക്കാൻ 'നേർവഴി' എന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. കോളേജ് ഹോസ്റ്റലുകൾ കേന്ദ്രീകരിച്ചുകൊണ്ട് 'ശ്രദ്ധ' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നുണ്ട്. അധ്യയനവർഷത്തിന്റെ ആരംഭത്തിൽതന്നെ മഫ്ത്തി പട്രോളിങ്ങും ബൈക്ക് പട്രോളിങ്ങും ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെ, സ്കൂൾ സമയം ആരംഭിക്കുന്നതിനുമുമ്പും ക്ലാസ് ആരംഭിച്ചശേഷവും സ്കൂൾ പരിസരങ്ങളിലും സംശയമുള്ള സ്ഥലങ്ങളിലും പട്രോളിങ് നടത്തുന്നുണ്ട്. എക്സൈസ് വകുപ്പ് സ്വന്തം നിലയിലും പോലീസ് വകുപ്പും മോട്ടോർ വാഹന വകുപ്പും

ആരോഗ്യവകുപ്പുമായി ചേർന്ന് പരിശോധനകളും രഹസ്യ നിരീക്ഷണങ്ങളും നടത്തുന്നുണ്ട്. സ്കൂൾ പരിസരത്ത് പതിവായി കറങ്ങി നടക്കുന്നവരുടെ വ്യക്തിവിവരങ്ങൾ ശേഖരിക്കുന്നുണ്ട്. അവരുടെ നീക്കങ്ങൾ മഫ്തിയിലും മറ്റുമുള്ള എക്സൈസ് ഉദ്യോഗസ്ഥർ നിരീക്ഷിക്കുന്നുണ്ട്. ഇത്തരത്തിലുള്ളവർ ഏതെല്ലാം കുട്ടികളുമായി ബന്ധം സ്ഥാപിക്കാൻ ശ്രമിക്കുന്നുവെന്നത് നിരീക്ഷണവിധേയമായിട്ടുള്ള കാര്യങ്ങളാണ്. ലഹരിക്കെതിരായി ധാരാളം പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. ലഹരിക്കെതിരെയുള്ള വാർഡുതല കമ്മിറ്റികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിശ്ചിത തുക ചെലവഴിക്കാനുള്ള അനുമതിയും സർക്കാർ നൽകിക്കഴിഞ്ഞിട്ടുണ്ടെന്നകാര്യം ഞാൻ ഈയവസരത്തിൽ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം മുന്നോട്ടുവച്ച അവാർഡ് ഉൾപ്പെടെയുള്ള നിർദേശങ്ങൾ വളരെ ഗൗരവത്തോടുകൂടിതന്നെ പരിശോധിക്കുന്നതാണ്.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, നിലവിൽ ഗ്രാമങ്ങളിലെ വായനശാലകൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഒരുവർഷം ഏകദേശം പത്തോ

ഇരുപതോ പ്രവൃത്തികൾ ചെയ്യുന്ന കൂട്ടത്തിൽ ലഹരിക്കെതിരായി വലിയ ക്യാമ്പയിനുകളും അവർ സംഘടിപ്പിക്കുന്നുണ്ട്. നമ്മുടെ വായനശാലകൾക്ക് ഗ്രാന്റ് അനുവദിക്കാറുണ്ട്. അത്തരത്തിൽ ബന്ധപ്പെട്ട വകുപ്പുമായി കൂടിയാലോചിച്ച്, എല്ലാവർക്കും ഗ്രാന്റ് കൊടുക്കാതെ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ ചെയ്യുന്ന വായനശാലകൾക്ക് നിർബന്ധമായും എക്സ്ട്രാ ഗ്രാന്റ് കൊടുക്കത്തക്കരീതിയിലുള്ള ഒരു ഇടപെടൽ നടത്താൻ സാധിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഏതുകാര്യത്തിനും സാമ്പത്തികമായി സഹായം നൽകി ചെയ്യിപ്പിക്കുന്നതിനുപകരം വായനശാലകൾക്ക് സ്വന്തംനിലയിൽത്തന്നെ ലഹരിക്കെതിരെ ആളുകളെ അണിനിരത്തുന്ന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. പുതുതലമുറ വായനശാലകളിലേയ്ക്ക് വേണ്ടത്ര വരുന്നില്ലെന്നതാണ് വായനശാലകളുടെ ഒരു പരിമിതിയായി നമ്മൾ കാണേണ്ടത്. നമ്മളൊക്കെ വായനശാലകളുടെ വാർഷിക പരിപാടികൾ ഉദ്ഘാടനം ചെയ്യാൻ പോകുന്നവരാണ്. വായനശാലയുടെ പേര് യുവജന വായനശാലയെന്നായിരിക്കും പക്ഷേ ഉദ്ഘാടനത്തിന് പോകുമ്പോൾ ഭാരവാഹികളും വേദിയിലും സദസ്സിലുമുള്ളവരിൽ ബഹുഭൂരിപക്ഷവും യുവജനങ്ങൾ ആയിരിക്കില്ലെന്നുള്ള പരിമിതിയുണ്ട്.

ചെറുപ്പക്കാരിലേക്കും കുട്ടികളിലേക്കും വായനശാലകളുടെ പ്രാധാന്യം എത്തിക്കാനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതോടൊപ്പം ഇത്തരം സാമൂഹിക പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്യുക എന്നത് അനിവാര്യമാണ്.

ശ്രീ. ഡി. കെ. മുരളി: സർ, സ്കൂളുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമൊക്കെ ലഹരി പരിശോധനയും ക്യാമ്പയിനും വർധിച്ച സാഹചര്യത്തിൽ ലഹരി വസ്തുക്കൾ എത്തിക്കുന്നതിനുവേണ്ടി നവമാധ്യമങ്ങളായ ഇൻസ്റ്റഗ്രാം, മറ്റ് മാധ്യമങ്ങളെ ഉൾപ്പെടെ കമ്യൂണിക്കേഷനും ഇൻഫർമേഷൻ കൈമാറുന്നതിനായും ഉപയോഗിക്കുന്നുണ്ട്. ഇക്കാര്യത്തിൽ എക്സൈസ് വകുപ്പിനും എസ്.പി.സി. പോലുള്ള വിദ്യാർഥി കേഡറ്റുകൾക്കും പരിശീലനം നൽകി നവമാധ്യമങ്ങളെ നിരീക്ഷിക്കാനും ലഹരി വസ്തുക്കളുടെ ഉറവിടങ്ങൾ കണ്ടെത്താനുമുള്ള നടപടിയിലേക്ക് പോകാൻ കഴിയുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. നവമാധ്യമങ്ങളിൽ എക്സൈസ് വകുപ്പും പോലീസ് വകുപ്പും വളരെ ശക്തമായ നിരീക്ഷണം തന്നെ

നടത്തുന്നുണ്ട്. അത് തുടരുകയും ചെയ്യും. അടുത്തകാലത്ത് Dark Web ഉപയോഗിച്ചുള്ള മയക്കുമരുന്ന് വ്യാപാരം സംബന്ധിച്ച വലിയ കണ്ടെത്തലുകൾ പുറത്തുവന്നിട്ടുണ്ട്. അതിന്റെകൂടി ഫലമായിട്ട് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എക്സൈസ് വകുപ്പിലെ ഐ.ടി. സെല്ലിനെ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുണ്ട്. C-DAC-ൽനിന്ന് എക്സൈസ് വകുപ്പിലെ ഐ.ടി. സെല്ലിലെ ഉദ്യോഗസ്ഥർക്ക് ഉന്നതനിലവാരമുള്ള പരിശീലനം നൽകിയിട്ടുണ്ട്. ഐ.ടി. സെല്ലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് MacBook-ഉം iMAC-ഉം ലഭ്യമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യങ്ങൾ ഗൗരവമായിത്തന്നെ സർക്കാർ കൈകാര്യം ചെയ്യുന്നുണ്ട്.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, സ്കൂളുകളിൽ എസ്.പി.സി. മോഡലുള്ളതുപോലെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയാനും അവരെ ബോധവൽക്കരിക്കുന്നതിനുമായി Students Excise Cadet എന്ന പുതിയ ഒരു സംവിധാനം രൂപീകരിക്കാൻ കഴിയുമോ? അതോടൊപ്പം തന്നെ കോളേജുകളിൽ, പ്രത്യേകിച്ച് കോളേജ് യൂണിയനുകൾക്കും

സർവ്വകലാശാലാ യൂണിയനുകൾക്കും ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ഏതെങ്കിലും വിധത്തിലുള്ള മാർഗ്ഗനിർദ്ദേശം നൽകി ആ ക്യാമ്പയിൻ ശക്തിപ്പെടുത്തുന്നതിന് സർക്കാരിനുമുന്നിൽ ഏതെങ്കിലും നിലയിലുള്ള നടപടികളുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, എസ്.പി.സി. നന്നായിത്തന്നെ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇനിയൊരു അധിക സംവിധാനം കൂടി നടപ്പാക്കേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല. എസ്.പി.സി.-യുടെ പ്രവർത്തനങ്ങളെ ഇപ്പോൾ നമ്മൾ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നുമുണ്ട്. ഇതിനുപുറമേ NSS ഉണ്ട്, കോളേജുകളിലൊക്കെ NCC ഉണ്ട്. പിന്നെ ഞാൻ നേരത്തെ പറഞ്ഞ നേർവഴി, ശ്രദ്ധ, നേർക്കൂട്ടം തുടങ്ങിയിട്ടുള്ള ധാരാളം പദ്ധതികളുണ്ട്. കൂടുതൽക്കൂടുതൽ സംവിധാനങ്ങൾ നടപ്പാക്കുന്നതിനുപകരം നിലവിലുള്ള പദ്ധതികളെ കൂടുതൽ നന്നായിട്ട് ഉപയോഗപ്പെടുത്താനാണ് ശ്രമിക്കുന്നത്. അത് ഇപ്പോൾ ഉപയോഗിക്കുന്നുമുണ്ട്. പിന്നെ കോളേജ് യൂണിയനുകളും സർവ്വകലാശാല യൂണിയനുകളും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന നിർദ്ദേശം വളരെ സ്വാഗതാർഹമാണ്. ഇതുസംബന്ധിച്ച്

ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത വിദഗ്ദരുടെ യോഗത്തിൽ ഇത്തരം ധാരാളം നിർദേശങ്ങൾ വന്നിട്ടുണ്ട്. വിദ്യാർഥി യുവജനസംഘടനകളുടെ യോഗം പ്രത്യേകമായിട്ടും നേരത്തെ വിളിച്ചുചേർത്തിട്ടുണ്ട്. അവരോടും ഇക്കാര്യങ്ങളെല്ലാം പറഞ്ഞിട്ടുണ്ട്. കോളേജ് യൂണിയനുകളും സർവ്വകലാശാല യൂണിയനുകളും ഈ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. പി. പി. സുമോദ്</u>: സർ, ലഹരി കടത്തിന് തീവണ്ടി, വിവിധ വാഹനങ്ങൾ തുടങ്ങിയ മാർഗ്ഗങ്ങളാണ് ഉപയോഗിക്കുന്നത്. ലഹരി കടത്തിന്റെ ഇപ്പോഴത്തെ പ്രധാനപ്പെട്ട മാർഗ്ഗം കടൽ വഴിയാണെന്ന് പറയപ്പെടുന്നു. ഈയടുത്ത കാലത്ത് ഇത്തരമൊരു കൈമാറ്റം അധികൃതർ കൈയോടെ പിടികൂടിയിട്ടുണ്ട്. കടൽ വഴിയുള്ള ലഹരികടത്ത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ വിശദമാക്കാമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, കടൽ വഴിയുള്ള ലഹരികടത്ത് തടയേണ്ടതിന്റെ പ്രധാന ഉത്തരവാദിത്വം കോസ്റ്റ്ഗാർഡ്, നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ പോലുള്ള ദേശീയ ഏജൻസികൾക്കാണ്. നമ്മുടെ അധികാരപരിധിക്കുള്ളിൽ നിന്നുകൊണ്ട് ഫലപ്രദമായിട്ടുള്ള നടപടികൾ

സ്വീകരിക്കുന്നുണ്ട്. 15000 കോടി രൂപയുടെ ലഹരി വേട്ട നാർകോട്ടിക് കൺട്രോൾ ബ്യൂറോ നടത്തുകയും ഒരു ഇറാനിയൻ പൗരനെ അറസ്റ്റ് ചെയ്യുകയും ചെയ്തിരുന്നു. പക്ഷേ അയാൾ കുറ്റക്കാരനല്ലെന്ന് കോടതി കണ്ടെത്തി വിട്ടയയ്ക്കുന്ന സ്ഥിതിയുണ്ടായി. അത് വലിയ വാർത്തയുമായിരുന്നു. കേരളത്തിലെ ഏജൻസികൾക്ക് അവരുടെ പരിധിക്കകത്ത് നിന്നുകൊണ്ട് മാത്രമേ ഇത്തരം അന്വേഷണങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ. അതേസമയം ഇവിടെ നമ്മൾ അറസ്റ്റ് ചെയ്യുന്ന പ്രതികളിൽ നിന്ന് കിട്ടുന്ന തുമ്പ് പിന്തുടർന്ന് കേരളത്തിനുപുറത്ത് നമ്മൾ എത്തിയിട്ടുള്ള ധാരാളം ഉദാഹരണങ്ങളുണ്ട്. ആൻഡമാനിൽ ആദ്യമായി പുറത്തുനിന്നുള്ള ഒരു ഏജൻസിയെത്തിയത് കേരള എക്സൈസ് ആണെന്ന കാര്യം ഇവിടെ വ്യക്തമാക്കിയതാണ്. അവിടെയുള്ള ഒരു ബങ്കറിൽ 100 കോടി രൂപയുടെ മയക്കുമരുന്ന് കണ്ടെത്തുകയും അതിനെ അവിടെത്തന്നെ നശിപ്പിക്കുകയും ചെയ്തു. കഴിഞ്ഞ മാസമോ മറ്റോ ആണ് കോഴിക്കോട് ടൗൺ പോലീസ് ഡൽഹി-ഹരിയാന പോലീസിനൊപ്പം ഗുർഗാവിൽ പോയി അവിടെയുള്ള industrial estate-ൽ പ്രവർത്തിച്ചിരുന്ന ഒരു വലിയ രാസലഹരി ഫാക്ടറി കണ്ടെത്തിയതും പ്രതികളെ അറസ്റ്റ് ചെയ്തതും.

അതോടൊപ്പംതന്നെ തൃശ്ശൂർ ടൗൺ പൊലീസ് ഹൈദരാബാദിൽ ചെന്ന് industrial estate-ൽ പ്രവർത്തിച്ചിരുന്ന രാസലഹരി ഫാക്ടറി കണ്ടെത്തുകയും അതിന്റെ ഉടമയായ ശതകോടീശ്വരനെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ഇക്കാര്യം നേരത്തെ ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. ഉറവിടത്തിലെത്തുന്നില്ല എന്ന പരാതി പലരും ഉന്നയിക്കാറുണ്ട്. ഉറവിടം ഇവിടെയല്ലെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ഉറവിടം കേരളത്തിന് പുറത്താണ്. ഉറവിടത്തിലെത്തുന്നതിന് കേരളത്തിലെ ഏജൻസികൾക്ക് പരിമിതികളുണ്ട്. മറ്റ് കേന്ദ്ര ഏജൻസികളുടെ ഏകോപനത്തോടുകൂടിയുള്ള പ്രവർത്തനത്തിലൂടെ മാത്രമേ നമുക്ക് ഇത്തരം വസ്തുക്കളുടെ ഉറവിടം കണ്ടെത്താനും നശിപ്പിക്കാനും കഴിയൂ. നമ്മൾ കണ്ടെത്താവുന്നതെല്ലാം കണ്ടെത്തിയിട്ടുണ്ട്. അതിന്റെ ഉദാഹരണങ്ങളാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചതെല്ലാം.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഇന്ന് കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ സാമൂഹിക പ്രശ്നവും അതുപോലെ തന്നെ ഒരു ലാ ആൻഡ് ഓർഡർ ഇഷ്യൂവുമാണ് ലഹരിയുടെ വ്യാപനം എന്നത്. ലഹരിയുടെ പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് പലതവണ ഈ സഭയിൽ

ഉന്നയിച്ചിട്ടുള്ളതാണ്. എക്സൈസ് വകുപ്പിന്റെ പ്രധാന ഉത്തരവാദിത്വമെന്നത് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ്. വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യവകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, യുവജനകാര്യ വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ടുകൊണ്ട് ഡോക്ടർമാരും കൗൺസിലിങ് നടത്താൻ സാധിക്കുന്ന ആളുകളും ഉൾപ്പെട്ട ഒരു പ്രൊഫഷണൽ ടീമിനെ ലഹരിക്കെതിരായ പ്രചാരണ പ്രവർത്തനങ്ങളിലേക്ക് ഉപയോഗിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. ഒരു വശത്ത് മദ്യം നൽകുകയും മറുവശത്ത് അത് കഴിക്കരുതെന്ന് പറയുകയും ചെയ്യുന്ന പ്രഹസനമാണ് എക്സൈസ് ഡിപ്പാർട്ടുമെന്റ് നടത്തുന്നത്. എൻഫോഴ്സ്മെന്റ് കാര്യങ്ങളിൽ എക്സൈസ് ഡിപ്പാർട്ടുമെന്റ് ശ്രദ്ധ കേന്ദ്രീകരിക്കുകയും ഫലപ്രദമായിട്ടുള്ള പ്രചാരണ പ്രവർത്തനങ്ങൾക്കുവേണ്ടി മറ്റ് വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടിട്ടുള്ള ഒരു പ്രൊഫഷണൽ സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാന്യനായ അംഗം ഉന്നയിച്ച കാര്യം സർക്കാർ ഇപ്പോൾത്തന്നെ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. നിലവിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും പ്രചാരണ പ്രവർത്തനങ്ങളും

എക്സൈസ് മാത്രമായിട്ടല്ല നടത്തുന്നത്. എക്സൈസ് അതിൽ നേതൃത്വപരമായ പങ്ക് വഹിക്കുന്നുവെന്നത് ശരിയാണ്. പക്ഷേ, ഇതിൽ വിവിധ വകുപ്പുകളുടെ ഏകോപനമുണ്ട്. അതിൽ ആരോഗ്യവകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിങ്ങനെ എല്ലാ വകുപ്പുകളുടെയും ഏകോപനത്തോടുകൂടിയുള്ള പ്രവർത്തനമാണ് നടത്തുന്നത്. വിദഗ്ധരുടെ സേവനത്തെക്കുറിച്ച് ഞാൻ ഇവിടെ പറഞ്ഞു. ഈ നിയമസഭാ മന്ദിരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ വിദഗ്ധരായിട്ടുള്ള നൂറുകണക്കിന് ആളുകളാണ് പങ്കെടുത്തത്. അവരുടെ മുഴുവൻ സേവനവും നമ്മൾ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പുതിയതായി തുടങ്ങേണ്ട കാര്യമല്ല, ഇപ്പോൾത്തന്നെ ഈ രംഗത്തെ പ്രൊഫഷണലുകൾ, വിദഗ്ധർ അവരുടെ സഹായത്തോടെ ഏകോപിതമായും ജനകീയമായുമാണ് കാര്യങ്ങൾ നടത്തുന്നത്. പ്രസ്തുത വിഷയം എക്സൈസ് വകുപ്പ് കൈകാര്യം ചെയ്യുന്നതിനാൽ എക്സൈസ് വകുപ്പിനെ ഇതിൽനിന്ന് മാറ്റിനിർത്താൻ സാധിക്കില്ല. എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റിനെ ഇത് ഒരുതരത്തിലും ബാധിച്ചിട്ടില്ലെന്ന് വ്യക്തമാക്കുന്ന കണക്കുകൾ ആദ്യത്തെ

ചോദ്യത്തിന് മറുപടിയായി പറഞ്ഞു. ഓപ്പറേഷൻ ക്ലീൻ സ്ലേറ്റിന്റെ ഒന്നാം ഘട്ടത്തിൽ 6300-ഉം രണ്ടാം ഘട്ടത്തിൽ 10800-ഉം റെയ്ഡുകളാണ് നടത്തിയത്. എൻഫോഴ്സ്മെന്റിന്റെ കാര്യത്തിൽ കുറവൊന്നും വരുത്തിയിട്ടില്ല. കേരളത്തിൽ മാത്രമല്ല, കേരളത്തിന് പുറത്തും ഇടപെട്ടതിന്റെ ഉദാഹരണങ്ങളും ഇവിടെ പറഞ്ഞു. കേരളത്തിലെ conviction rate ഇന്ത്യയിലെ ഏറ്റവും ഉയർന്ന നിരക്കായത് ഈ പ്രവർത്തനങ്ങളുടെയെല്ലാം ഫലമായിട്ടാണ്. ശിക്ഷാ നിരക്ക് മാത്രമല്ല ശിക്ഷയുടെ കാലാവധിയും വർധിച്ചിട്ടുണ്ട്. എക്സൈസ് ക്രൈം ബ്രാഞ്ച് നിലവിൽ വന്നതിനുശേഷം 20 മുതൽ 35 വർഷം വരെ ശിക്ഷിച്ച കേസുകളുണ്ടായിട്ടുണ്ട്.

**ചൂരൽമല-മുണ്ടക്കൈ ദുരന്തനിവാരണ പുനരധിവാസ പ്രവർത്തനങ്ങൾ**

(*154) ശ്രീ. ടി. പി. രാമകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

Uncorrected/Not for publication
30-09-2025

(എ) വയനാട് ജില്ലയിലെ ചൂരൽമല, മുണ്ടക്കൈ പ്രദേശങ്ങളിലുണ്ടായ പ്രകൃതി ദുരന്തത്തെ തുടർന്ന് ദുരന്തനിവാരണ പുനരധിവാസ പ്രവർത്തനങ്ങൾക്കായി അടിയന്തര കേന്ദ്ര സഹായം ആവശ്യപ്പെട്ട് എന്തെല്ലാം ഇടപെടലുകൾ നടത്തിയിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) ദേശീയ ദുരന്തനിവാരണ നിധിയിൽനിന്നും കേരളത്തിന് സഹായം അനുവദിക്കുന്ന കാര്യത്തിൽ കേന്ദ്രസർക്കാർ വിവേചനപരമായ സമീപനമാണ് സ്വീകരിച്ചുവരുന്നതെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ചൂരൽമല, മുണ്ടക്കൈ ദുരന്തങ്ങൾ പോലുള്ള ഗുരുതരമായ ദുരന്തത്തെ ദേശീയ ദുരന്തമായി അംഗീകരിക്കാതെ കേരളത്തിന്റെ ആവശ്യം അവഗണിച്ചതിന് പിന്നിലെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) കേന്ദ്ര സർക്കാരിന്റെ അനാസ്ഥയും അവഗണനയും മൂലം പ്രസ്തുത ദുരന്തബാധിതർക്ക് യാതൊരു പ്രതിസന്ധിയും ഉണ്ടാകാതിരിക്കാൻ ഈ

സർക്കാർ സമയബന്ധിതമായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ദുരന്തം 'അതിതീവ്ര ദുരന്തം' ആയി പ്രഖ്യാപിക്കണമെന്നും ദേശീയ ദുരന്തമായി വിജ്ഞാപനം ചെയ്യണമെന്നും ആവശ്യപ്പെട്ട് 06-08-2024-നും 10-08-2024-നും ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്തയച്ചിരുന്നു. പ്രാഥമിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 17-08-2024-ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് 2262 കോടി രൂപയുടെ മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. കൂടാതെ ഉരുൾപൊട്ടലിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതരെയും വീടുകളും ജീവനോപാധികളും നഷ്ടപ്പെട്ടവരെയും പുനരധിവസിപ്പിക്കാൻ Post-Disaster Need Assessment നടത്തി 2221.10 കോടി രൂപയുടെ പോസ്റ്റ്-ഡിസാസ്റ്റർ നീഡ്സ് അസസ്മെന്റ് (PDNA) റിപ്പോർട്ട് 13-11-2024-ന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു.

Uncorrected/Not for publication
30-09-2025

പ്രസ്തുത റിപ്പോർട്ട് 07-08-2025-ൽ നടന്ന Sub-Committee of National Executive Committee (SC-NEC) പരിഗണിക്കുകയും ചീഫ് സെക്രട്ടറി, ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട സംസ്ഥാന സർക്കാരിന്റെ ഉന്നതതല സംഘവുമായി ചർച്ച ചെയ്യുകയും ചെയ്തു. എന്നാൽ 260.65 കോടി രൂപയുടെ ധനസഹായം അനുവദിക്കാനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയുന്നു. തുക ലഭിച്ചിട്ടില്ല. ദുരന്തബാധിതരുടെ വായ്പ എഴുതിത്തള്ളാൻ സംസ്ഥാനത്തിന് സഹായകരമായിരുന്ന ദുരന്ത നിവാരണ നിയമം 2005-ലെ 13-ാം വകുപ്പിലെ വ്യവസ്ഥ 2025 മാർച്ച് 29-ാം തീയതി പുറപ്പെടുവിച്ച ഭേദഗതി പ്രകാരം കേന്ദ്രസർക്കാർ ഒഴിവാക്കുകയുണ്ടായി. സെക്ഷൻ 13 അടിയന്തരമായി പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് 12-06-2025-ന് കത്ത് നൽകിയെങ്കിലും അനുകൂല മറുപടി ഉണ്ടായിട്ടില്ല.

(ബി) മറ്റ് സംസ്ഥാനങ്ങളിലുണ്ടായ സമാന ദുരന്തങ്ങളിൽ സ്വീകരിച്ച അനുഭാവപൂർണ്ണമായ സമീപനം കേന്ദ്രസർക്കാർ കേരളത്തോട് സ്വീകരിച്ചില്ല. സാധാരണനിലയിൽ സംസ്ഥാനത്തിന് ലഭ്യമാകുന്ന SDRF

തുകയല്ലാതെ ചൂരൽമല ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കാൻ ഒരു പ്രത്യേക സാമ്പത്തിക സഹായവും കേന്ദ്രത്തിൽനിന്നും ഇതുവരെ ലഭ്യമായിട്ടില്ല.

(സി) കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനോട് കാണിക്കുന്ന അവഗണനയുടെ തുടർച്ചയായി ഈ നടപടിയെ കാണാവുന്നതാണ്.

(ഡി) ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയ ദുരന്തനിവാരണ പ്രവർത്തനങ്ങൾ രാജ്യത്തിനുതന്നെ മാതൃകയാണ്. വളരെ ചുരുങ്ങിയ സമയം കൊണ്ട് കേന്ദ്ര-സംസ്ഥാന സേനകളെയും സാങ്കേതിക വിഭാഗങ്ങളെയും മറ്റ് സംവിധാനങ്ങളെയും ആവശ്യകതയ്ക്ക് അനുസരിച്ച് ദുരന്തമുഖത്ത് എത്തിക്കാൻ സർക്കാരിന് സാധിച്ചു. സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന പ്രകാരം ആർമി അടക്കമുള്ള കേന്ദ്രസേനകൾ ദുരന്തമുഖത്ത് പ്രവർത്തിക്കുകയും സമാനതകളില്ലാത്ത രക്ഷാപ്രവർത്തനം നടത്തുകയും ചെയ്തു. സംസ്ഥാന സർക്കാർ നൽകിയ അടിയന്തര ധനസഹായങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് ടൗൺഷിപ്പ് നിർമ്മിക്കുന്നതിനായി സർക്കാർ

+അനുബന്ധമായി ചേർത്തിട്ടുണ്ട്.

എൽസ്റ്റോൺ എസ്റ്റേറ്റിൽനിന്നും ഏറ്റെടുത്ത 64.4705 ഹെക്ടർ ഭൂമിയിൽ ടൗൺഷിപ്പ് നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ച് വരുന്നു. ടൗൺഷിപ്പ് നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ തലത്തിലും പുരോഗതി കൃത്യമായി വിലയിരുത്തി ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുന്നതിന് സംസ്ഥാന തലത്തിൽ മുഖ്യമന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും നേതൃത്വത്തിലും കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. 2026 ജനുവരി മാസത്തിൽ ടൗൺഷിപ്പ് നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

പുനരധിവാസത്തിനായി ഫെയ്സ് 1, ഫെയ്സ് 2A, ഫെയ്സ് 2B എന്നീ മൂന്ന് ഘട്ടങ്ങളായി ജില്ലാ ദുരന്തനിവാരണ അതോറിറ്റി 402 ഗുണഭോക്താക്കളുടെ പുനരധിവാസ ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പുനരധിവാസ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽനിന്നും ഓപ്ഷൻ 1 (വീട്), ഓപ്ഷൻ 2 (ധനസഹായം) എന്നിങ്ങനെ സമ്മതപത്രം സ്വീകരിക്കുകയും ടൗൺഷിപ്പിന് പുറത്ത് താമസിക്കുന്നതിന് സർക്കാർ ധന സഹായം ലഭിക്കുന്നതിന് സമ്മതപത്രം സമർപ്പിച്ച 104

ഗുണഭോക്താക്കൾക്ക് 15 ലക്ഷം രൂപ വീതം വിതരണം ചെയ്തിട്ടുമുണ്ട്. 295 ഗുണഭോക്താക്കൾ വീടിന് സമ്മതപത്രം സമർപ്പിച്ചിട്ടുണ്ട്.

വയനാട് മേപ്പാടി പഞ്ചായത്തിൽ ഉരുൾപ്പൊട്ടലിൽ മരണപ്പെട്ടവരുടെ മൈനർ ആയിട്ടുള്ള അവകാശികൾക്ക് മരണപ്പെട്ടവരുടെ ആശ്രിതർ എന്ന നിലയിൽ 6 ലക്ഷം രൂപ കുട്ടിക്ക് 18 വയസ്സിനുശേഷം പിൻവലിക്കാവുന്ന തരത്തിൽ ജില്ലാ ശിശുസംരക്ഷണ ഓഫീസറുടെയും കുട്ടിയുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനും ഈ തുകയുടെ പലിശ അതത് മാസങ്ങളിൽ കുട്ടിയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതിനും വയനാട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉരുൾപ്പൊട്ടലിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട 7 കുട്ടികൾക്കും മാതാപിതാക്കളിൽ ഒരാൾ മാത്രം നഷ്ടപ്പെട്ട 14 കുട്ടികൾക്കും പഠനാവശ്യത്തിനുവേണ്ടി മാത്രം 10 ലക്ഷം രൂപാ വീതം 18 വയസ്സ് വരെ തുക പിൻവലിക്കാൻ കഴിയില്ല എന്ന വ്യവസ്ഥയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ജില്ലാ കളക്ടറുടെ അക്കൗണ്ടിൽ നിക്ഷേപിച്ച് പ്രതിമാസ പലിശ ബന്ധപ്പെട്ട കുട്ടിയുടെ രക്ഷാകർത്താവിന് ഓരോ മാസവും നൽകുന്നതിന് വയനാട് ജില്ലാ

കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വയനാട് ചൂരൽമല ദുരന്തബാധിതരുടെ തുടർ ചികിത്സ പദ്ധതി നടപ്പാക്കുന്നതിനും അവരുടെ ഇതുവരെയുള്ള ചികിത്സാ ആവശ്യങ്ങൾക്ക് ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിനുമായി വയനാട് ജില്ല കളക്ടർക്ക് 6 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട ദുരന്തബാധിതരെ തിരികെ ജീവിതത്തിലേക്ക് കൊണ്ടുവരുന്നതിന് സഹായകരമായ ഉജ്ജീവനം വായ്പാ പദ്ധതി പുനഃസ്ഥാപിക്കുന്നതിന് 30-08-2025-ൽ കൂടിയ SLBC യോഗം തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ചൂരൽമല ദുരന്തത്തിൽ ഉപജീവന മാർഗം നഷ്ടപ്പെട്ട സംരംഭകർക്ക് ഉചിതമായ നഷ്ടപരിഹാരം അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി 23-09-2025- ൽ ലഭിച്ച റിപ്പോർട്ട് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ദുരന്ത നിവാരണ രംഗത്ത് ലോകോത്തര മാതൃകയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ നടന്നുവരുന്നത്. മുണ്ടക്കൈ-ചൂരൽമല ടൗൺഷിപ്പ് മറ്റൊരു മാതൃകയായി മാറുമെന്ന് ഉറപ്പാണ്. അതിൽ അഭിനന്ദനങ്ങൾ

രേഖപ്പെടുത്തുന്നു. മുണ്ടക്കൈ, ചൂരൽമല ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഈ ടൗൺഷിപ്പ് നിർമ്മിക്കുന്നതിന് എൽസ്റ്റോൺ എസ്റ്റേറ്റിൽ നിന്നും 64.4705 ഹെക്ടർ സ്ഥലമാണ് സർക്കാർ ഏറ്റെടുത്തത്. ടൗൺഷിപ്പിന്റെ ഭാഗമായി 410 വീടുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. പ്രകൃതിദുരന്തങ്ങളെ പ്രതിരോധിക്കാവുന്ന രീതിയിലാണ് നിർമ്മാണം നടത്തുന്നത്. ടൗൺഷിപ്പ് നിർമ്മാണം നല്ല രീതിയിൽ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, ടൗൺഷിപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർപേഴ്സണും ടൗൺഷിപ്പ് പ്രോജക്റ്റ് ചീഫ് ഓപ്പറേറ്റിങ് ഓഫീസർ കൺവീനറുമായി

കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഈ കമ്മിറ്റി ഉറപ്പാക്കുന്നുണ്ട്.

ഡോ. കെ. ടി. ജലീൽ: സർ, മുണ്ടക്കൈ, ചൂരൽമല ദുരന്തത്തോടനുബന്ധിച്ച് പുനരധിവാസത്തിനായി തയ്യാറാക്കിയ അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ എത്ര പേരാണുള്ളത്; അതിൽ നിന്ന് എത്ര പേരാണ് സർക്കാരിന്റെ ടൗൺഷിപ്പ് പദ്ധതിയിൽ നിന്ന്  പിരിഞ്ഞുപോയിട്ടുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, മൂന്ന് ഘട്ടങ്ങളിലായുള്ള പുനരധിവാസത്തിന് 402 ഗുണഭോക്താക്കളുടെ ലിസ്റ്റാണ് പ്രസിദ്ധീകരിച്ചത്. 295 ഗുണഭോക്താക്കൾ വീടിന് സമ്മതപത്രം നൽകി. അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം ലഭ്യമായ അപ്പീൽ അപേക്ഷകൾ പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 49 ഗുണഭോക്താക്കളെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ചൂരൽമല, മുണ്ടക്കൈ പ്രദേശത്തുണ്ടായ പ്രകൃതിദുരന്തം കേരളത്തെ ഞെട്ടിച്ച ഒരു സംഭവമായിരുന്നു. വലിയ തോതിൽ ജീവനും ജീവനോപാധികളും നഷ്ടമായി.

സമാനതകളില്ലാത്ത ദുരന്തമുണ്ടായപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ പഴുതുകളില്ലാത്ത രക്ഷാപ്രവർത്തനം ലോകമാകെ ശ്രദ്ധിച്ചതാണ്. ദുരന്തത്തിൽപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ വേണ്ടി സർക്കാർ ടൗൺഷിപ്പ് പ്രഖ്യാപിച്ചു. എന്നാൽ ചില കുടുംബങ്ങൾ ടൗൺഷിപ്പിന് പുറത്ത് താമസിക്കാൻ തയ്യാറായി. ഈ പുറത്ത് താമസിക്കുന്നവർക്ക് സർക്കാർ പ്രത്യേകമായി ധനസഹായം നൽകുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, അത് നേരത്തെ വ്യക്തമാക്കിയ കാര്യമാണ്. നമ്മൾ ഒരുക്കുന്ന പുനരധിവാസത്തിന്റെ ഭാഗമായുള്ള ടൗൺഷിപ്പിൽ താമസിക്കുന്നതിന് ഏതെങ്കിലും തരത്തിൽ താൽപര്യം കാണിക്കുന്നില്ലെങ്കിൽ അത്തരം ആളുകൾക്ക് മറ്റ് സ്ഥലങ്ങളിൽ താമസിക്കാമെന്നുണ്ടെങ്കിൽ അവർക്ക് 15 ലക്ഷം രൂപ വിതരണം ചെയ്യുമെന്ന് സഭയിൽ നേരത്തെ തന്നെ വ്യക്തമാക്കിയിരുന്നു. അതിന്റെ ഭാഗമായി ഇതിനകം 15.60 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

ശ്രീ. ലിന്റോ ജോസഫ്: സർ, വയനാട് ജില്ലയിലെ ചൂരൽമല-മുണ്ടക്കൈ ദുരിതബാധിതർക്ക് ലോകോത്തരമായ പുനരധിവാസം ഉറപ്പാക്കുന്ന പ്രവൃത്തിക്കാണ് സംസ്ഥാന സർക്കാർ നേതൃത്വം നൽകുന്നത്. കൽപ്പറ്റ നഗരത്തോട് ചേർന്ന് കൽപ്പറ്റ ബൈപ്പാസിന്റെ സമീപം നടക്കുന്ന ദുരിതബാധിതരുടെ പുനരധിവാസം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്; അവരെ എന്ന് മുതൽ നമുക്ക് അങ്ങോട്ട് മാറ്റാൻ കഴിയും?

ശ്രീ. പിണറായി വിജയൻ: സർ, ഇതിന്റെ പ്രവർത്തനം ദ്രുഗതിയിൽ നടക്കുകയാണെന്ന് നേരത്തെ പറഞ്ഞു. അടുത്ത ജനവരി മാസത്തിനുള്ളിൽ തന്നെ പുനഃരധിവസം പൂർത്തിയാക്കാൻ കഴിയും.

## സർക്കാർ ആശുപത്രികളുടെ പശ്ചാത്തല വികസനം

(*155) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എ. സി. മൊയ്തീൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളുടെ പശ്ചാത്തല വികസനത്തിന്റെ ഭാഗമായി കിഫ്ബി വഴിയും മറ്റ് പദ്ധതികൾ വഴിയും ഈ സർക്കാർ നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) 2011-2016, 2016-2021 എന്നീ കാലയളവുകളിൽ പ്രസ്തുത മേഖലയിൽ ചെലവഴിച്ച തുകകൾ തമ്മിൽ താരതമ്യം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ആരോഗ്യ മേഖലയിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴി നടന്നിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ;

(ഡി) നിലവിൽ നിർമ്മാണത്തിലിരിക്കുന്ന ആരോഗ്യസ്ഥാപനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി അടിയന്തര ഇടപെടൽ നടത്തുമോയെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ,

(എ) ആരോഗ്യ മേഖലയിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, കൊച്ചിൻ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ,

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാൻ ട്രാൻസ് പ്ലാന്റ്, ആയുഷ് (IRIA) എന്നീ വിവിധ വകുപ്പ്/സ്ഥാപനങ്ങളിൽ കിഫ്ബി മുഖാന്തരമുള്ള ധനസഹായത്തോടുകൂടിയ 98 പദ്ധതികൾക്കായി ആകെ 9414.42 കോടി (ഒൻപതിനായിരത്തി നാലായിരത്തി പതിനാല് കോടി നാൽപത്തിരണ്ട് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലുള്ള നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതികൾക്കായി കിഫ്ബിയിൽനിന്നും നാളിതുവരെ ആകെ 2267.1 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പദ്ധതി ഇനത്തിൽ 2021-2025 കാലയളവിൽ ആകെ 1274,61,81,415/-രൂപ ചെലവഴിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നബാർഡ് പ്രോജക്ടുമായി ബന്ധപ്പെട്ട് 2021-25 കാലയളവിൽ 77,86,09,820/- രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കെ.ഡി.പി പാക്കേജ് മുഖേന കാസർഗോഡ് മെഡിക്കൽ കോളേജിലെ അക്കാദമിക് ബ്ലോക്കിൽ 2021-25-ൽ 4,01,86,557/-രൂപയും 2021-25-ൽ റസിഡൻഷ്യൽ ഫെസിലിറ്റീസിനായി 26,86,77,087/-രൂപയും ചെലവഴിച്ചിട്ടുണ്ട്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 2021-25 കാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൻ കീഴിൽ 92,56,82,498/-രൂപ ചെലവഴിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ ഈ സർക്കാരിന്റെ കാലയളവിൽ വിവിധ പ്ലാൻ ഫണ്ടുകളിലായി ആകെ 37979.22 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ 2021-25 കാലഘട്ടത്തിൽ നബാർഡ് ട്രാഞ്ചേ 27 മുതൽ 30 വരെ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 12 നിർമ്മാണ പ്രവൃത്തികൾക്കായി 1,833.99 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

റീജിയണൽ കാൻസർ സെന്ററിൽ പശ്ചാത്തല വികസനത്തിന്റെ ഭാഗമായി പദ്ധതിയിനത്തിൽ 17518.15 ലക്ഷം രൂപയും റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴി റോബോട്ടിക് സർജറി യൂണിറ്റ് സ്ഥാപിക്കുന്നതിനായി ആകെ 3214.99 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

മലബാർ കാൻസർ സെന്ററിൽ പശ്ചാത്തല വികസനത്തിന്റെ ഭാഗമായി 2021-22 മുതൽ 2025-26 വരെ പ്ലാൻ ശീർഷകത്തിൽ ആകെ 75.41 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. മലബാർ കാൻസർ സെന്ററിൽ

റോബോട്ടിക് കാൻസർ സംവിധാനം സ്ഥാപിക്കുന്നതിനായി 30 കോടി രൂപയും ഡിജിറ്റൽ പാത്തോളജി ലാബിലേക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി 1.96 കോടി രൂപയും വിവിധ റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലേക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി 4.73 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

കെ.എം.എസ്.സി.എൽ. - മുഖേന സംസ്ഥാനത്തെ വിവിധ നിയോജക മണ്ഡലങ്ങളിൽ കിഫ്ബി ഫണ്ടും എം.എൽ.എ. ഫണ്ടും തുല്യമായി വിനിയോഗിച്ചുകൊണ്ട് നിർമ്മിക്കുന്ന ഐസോലേഷൻ വാർഡുകളുടെ നിർമ്മാണത്തിനായി നാളിതുവരെ 94.95 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങിയ വകയിൽ കിഫ്ബി വഴി ആകെ 326.24 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കെ.എം.എസ്.സി.എൽ വഴി മറ്റ് പദ്ധതികൾക്കായി 157.08 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എൻ.എച്ച്.എം. മുഖേന വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നിർമ്മാണ നവീകരണ പ്രവൃത്തികൾ

നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 164 സ്ഥാപനങ്ങളിൽ ROP ഫണ്ടിൽ അംഗീകാരം ലഭിച്ച 239.64 കോടി രൂപ വിനിയോഗിച്ച് നിർമ്മാണ-നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. PM-ABHIM പദ്ധതിയിൽ ഉൾപ്പെടുത്തി 9 ജില്ലകളിൽ പബ്ലിക് ഹെൽത്ത് ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 7.6 കോടി രൂപ വിനിയോഗിച്ച് പൂർത്തീകരിച്ചിട്ടുണ്ട്.

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 14 ജില്ലാ/ജനറൽ ആശുപത്രികളിലെ ഒ.പി. പരിവർത്തന പ്രവൃത്തികൾ 13.43 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു. 25 താലൂക്കാശുപത്രികളിലെ ഒ.പി. പരിവർത്തന പ്രവൃത്തികൾ 24.32 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു. 107 സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്ന പ്രവൃത്തികൾ 31.10 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു. 740 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പ്രവൃത്തികൾ 101 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു. ഇവകൂടാതെ സംസ്ഥാനത്തെ 1212 സബ് സെന്ററുകളെ ഒരു സ്ഥാപനത്തിന്

7 ലക്ഷം രൂപ നിരക്കിൽ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ച ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി.

(ബി) 2011-2016 കാലയളവിൽ കിഫ്ബി വഴി വികസന പദ്ധതികൾ ഒന്നും തന്നെയില്ല.

2011-2016, 2016-2021 എന്നീ കാലയളവുകളിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ അനുവദിക്കപ്പെട്ട സംസ്ഥാന പദ്ധതി/പദ്ധതിയേതര ഫണ്ടുകളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) മലപ്പുറം ജില്ലയിലെ വാഴക്കാട് കുടുംബാരോഗ്യ കേന്ദ്രത്തിലെ വെള്ളപ്പൊക്കത്തിൽ തകർന്ന കെട്ടിടത്തെ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് പുനർനിർമ്മിച്ചിട്ടുണ്ട്. മലബാർ കാൻസർ സെന്റർ, റീജിയണൽ കാൻസർ സെന്റർ എന്നിവയിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി റോബോട്ടിക് സർജറി സിസ്റ്റവും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

---

+അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) ആരോഗ്യ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ വകുപ്പ് മേധാവി തലത്തിലും സർക്കാർ തലത്തിലും അവലോകനയോഗം കൂടുകയും വ്യക്തമായ നിർദേശങ്ങൾ നിർവഹണ ഏജൻസിക്ക് നൽകുകയും ചെയ്യുന്നുണ്ട്. നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഫണ്ട് അനുവദിച്ച് നൽകുന്നുണ്ട്.

ശ്രീമതി ശാന്തകുമാരി കെ.: സർ, കിഫ്ബി പദ്ധതിയുടെ ഭാഗമായി ജില്ലാ ആശുപത്രികളിലും മറ്റ് താലൂക്കാശുപത്രികളിലും കാത്ത് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ അതിന്റെ അടിസ്ഥാനത്തിലുണ്ടായ മാറ്റങ്ങൾ എന്തെല്ലാമാണ്? അതോടൊപ്പം ബഹുമാനപ്പെട്ട സ്പീക്കർക്ക് ത്രോട്ട് ഇൻഫെക്ഷൻ ഉണ്ടെന്ന് തോന്നുന്നു, അടിയന്തരമായി ഡോക്ടറെ കൺസൾട്ട് ചെയ്യണം.

ശ്രീമതി വീണാ ജോർജ്: സർ, ബഹുമാന്യയായ അംഗം ഇവിടെ സൂചിപ്പിച്ച കാര്യം, ആർദ്രം മിഷനിലൂടെ നമ്മുടെ ജില്ലാ ആശുപത്രികളിൽ കാത്ത് ലാബുകൾ സ്ഥാപിക്കുകയും ഹൃദ്രോഗ ചികിത്സ ജില്ലാതലത്തിൽ

ജില്ലാ ആശുപത്രികളിലേക്ക് കൊണ്ടുവരാൻ കഴിയുകയും ചെയ്തുവെന്നത് ചികിത്സാരംഗത്തെ വളരെ സുപ്രധാനമായ ഒരു ഇടപെടലാണ്. കാത്ത് ലാബുകൾ സ്ഥാപിക്കേണ്ട ജില്ലാ ആശുപത്രികളിൽ ഇനി അവശേഷിക്കുന്നത് ഇടുക്കി ജില്ലയിലാണ്. ഇടുക്കി ജില്ലയിൽ ഇടുക്കി പാക്കേജിൽനിന്നും സംസ്ഥാന ബജറ്റിൽനിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ട്. പണ്ട് നമുക്കറിയാം, വേൾഡ് ടൂറിസം ഡെസ്റ്റിനേഷനിൽ മൂന്നാർ ഉൾപ്പെടുമ്പോഴും അവിടെ കാർഡിയോളജിസ്റ്റ് ഇല്ലെന്ന കാര്യം സൂചിപ്പിച്ചതായി കേട്ടിട്ടുണ്ട്. അടിമാലി ഉൾപ്പെടെ അതുപോലെ നമ്മുടെ ഇടുക്കി മെഡിക്കൽ കോളേജ് കാത്ത് ലാബ് സ്ഥാപിക്കുന്നതിന് വേണ്ടിയിട്ടുള്ള പ്രവർത്തനങ്ങൾ വളരെ ദ്രുതഗതിയിൽ നടന്നുവരികയാണ്. ആ ജില്ല മാത്രമേ ശേഷിക്കുന്നുള്ളൂ. ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യത്തിലെ ഒന്നാമത്തെ കാര്യം, ചികിത്സാരംഗത്ത് ഹൃദ്രോഗ ചികിത്സയിലുള്ള ഭീമമായ ചെലവ് കുറയ്ക്കാൻ കാത്ത് ലാബുകൾ സ്ഥാപിച്ചതിലൂടെ സാധിച്ചു. രണ്ടാമത്തെ പ്രധാനപ്പെട്ട കാര്യം, ഹൃദയാഘാതംമൂലം ആശുപത്രികളിൽ എത്തുന്നവരിൽ 30% ആളുകൾക്ക്

മരണം സംഭവിക്കുമായിരുന്നു. പക്ഷേ കാത്ത് ലാബുകൾ സ്ഥാപിച്ചതോടുകൂടി ആ മരണനിരക്ക് 6% ആയിട്ട് കുറയ്ക്കാൻ സാധിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)